മലങ്കര ഓർത്തഡോക്സ് ക്രൈസ്തവ യുവജനപ്രസ്ഥാനം പ്രസിദ്ധീകരണം

# ഓർത്തഡോക്സ് യുവജനം

വാല്യം 16
ലക്കം 1
ത്രൈമാസിക



# ദീപ്ത സ്മരണയിൽ



## പി. റ്റി. വർഗീസ്
## പാറയിൽ

**സെന്റ് മേരീസ് & സെന്റ് ജോർജ് ഓർത്തഡോക്സ് പള്ളി**

**പുലിയൂർ**

**ചെങ്ങന്നൂർ ഭദ്രാസനം**

# ഓർത്തഡോക്സ് യുവജനം

## ത്രൈമാസിക

ഓർത്തഡോക്സ് യുവജനപ്രസ്ഥാനം
പ്രസിദ്ധീകരണം

വാല്യം 16 ലക്കം 01





## താളുകളിലൂടെ......


**പ്രസിഡന്റിന്റെ സന്ദേശം**

**എഡിറ്റോറിയൽ**

**ജനറൽ സെക്രട്ടറിയുടെ കത്ത്**

**ക്രിസ്തു യേശുവിലെ സ്വാതന്ത്ര്യവും ജീവന്റെ ലഹരിയും**
ഡോ. ജോസഫ് മാർ ബർന്നബാസ് സഫ്രഗൻ മെത്രാപ്പോലീത്ത

**കുടുംബ കോടതികൾ**
ഡോ. ജെയ്സി കരിങ്ങാട്ടിൽ

**When I Let Go, God Took Over:My UPSC Story**
Reenu Mathew IFS

**മലങ്കര സഭയുടെ രക്തസാക്ഷികൾ**
സഖറിയാ പെരുമ്പടവം

**പുതിയ ചുവടുവെപ്പുമായി ഒ.സി.വൈ.എം**
രെഞ്ചു എം. ജോയി

**പൗരാണിക ദേവാലയങ്ങൾ**

**MILES WITHOUT MISTAKES**
Aby Abraham Koshy






### എഡിറ്റോറിയൽ ബോർഡ്

പ്രസിഡന്റ്
ഡോ.ഗീവർഗീസ് മാർ യൂലിയോസ്
മെത്രാപ്പോലീത്ത

വൈസ് പ്രസിഡന്റ്
ഫാ. ജെയിൻ സി. മാത്യു

ജനറൽ സെക്രട്ടറി
ഫാ. വിജു ഏലിയാസ്

ട്രഷറാർ
രെഞ്ചു എം. ജോയി

എഡിറ്റർ
ഫാ.ലൂക്ക് ബാബു

പബ്ലിഷർ
റോബിൻ ജോ വർഗീസ്

ബോർഡ് അംഗങ്ങൾ
അനീഷ് ജേക്കബ് തയ്യിൽ
ഗീവിസ് മർക്കോസ്



വിലാസം

ഓർത്തഡോക്സ് യുവജനം
സെന്റ് തോമസ് ഭവൻ,
ഓർത്തഡോക്സ് യൂത്ത് സെന്റർ
പഴയ സെമിനാരി റോഡ്
ചുങ്കം, കോട്ടയം-1

Phone : 0481 2583997
e-mail : orthodoxyuvajanam1936@gmail.com
facebook : ocymmediawing
e-reading : www.ocymonline.org

www.mosc.in
catholicos@mosc.in

Ph: 0481 - 2574323
2578500

# The Malankara Orthodox Syrian Church

**CATHOLICATE OF THE EAST**

**BASELIOS MARTHOMA MATHEWS III**
CATHOLICOS OF
THE APOSTOLIC THRONE OF
ST. THOMAS
AND MALANKARA METROPOLITAN

CATHOLICATE PALACE
KOTTAYAM - 686 004
KERALA, INDIA

**ജൂലൈ 16, 2025**

## അനുഗ്രഹ സന്ദേശം

ഓർത്തഡോക്സ് ക്രൈസ്തവ യുവജന പ്രസ്ഥാനം 'യുവജനം' ത്രൈമാസിക പത്രാധിപ സമിതി അംഗങ്ങൾക്ക് വാഴ്വ്!

മലങ്കര ഓർത്തഡോക്സ് ക്രൈസ്തവ യുവജന പ്രസ്ഥാനത്തിന്റെ ഔദ്യോഗിക പ്രസിദ്ധീകരണമായ 'യുവജനം' ത്രൈമാസിക അതിന്റെ ഓഗസ്റ്റ് ലക്കം പ്രസിദ്ധീകരണത്തിന് തയ്യാറാവുകയാണല്ലോ. നാം ജീവിക്കുന്ന കാലഘട്ടം വിവിധ വെല്ലുവിളികളാൽ മുഖരിതമാണ്. എന്നാൽ മലങ്കര സഭയുടെ യുവത ദൈവീകമായി അതിനെ അപഗ്രഥനം ചെയ്ത് നന്മയുടെയും സത്യത്തിന്റെയും നീതിയുടെയും പക്ഷത്തുനിന്ന് കാലത്തിന്റെ വെല്ലുവിളികളെ അതിജീവിക്കുവാൻ ശ്രമിക്കണം. സത്യം തമസ് കരിക്കപ്പെടുന്ന പുതു കാലത്ത് വിവേചന ശക്തിയുള്ള തലമുറയായി നിങ്ങൾ മാറണം. മറ്റുള്ളതിനെ എല്ലാം വിമർശിക്കുമ്പോഴും നമ്മിൽ വിമർശന വിധേയമാക്കേണ്ട എന്തെങ്കിലും ഉണ്ടോ എന്ന് വിലയിരുത്തി സ്വയം മാറ്റത്തിന് വിധേയരാകണം.

പരിശുദ്ധ അമ്മയുടെ ഓർമ്മപ്പെരുന്നാളിന്റെ അനുഗ്രഹീത കാലം സമാഗതമാകുകയാണ്. ലോകത്തിലെ ഏറ്റവും വലിയ തിരഞ്ഞെടുപ്പ് ലഭിച്ചിട്ടും അതിൽ അണുവിട നിഗളിക്കാതെ ആർക്കും താഴാൻ കഴിയാത്ത അത്ര എളിമയിലേക്ക് അമ്മ സ്വയം താണ് വിനമ്രതയായി, എല്ലാ തലമുറകളും വാഴ്ത്തുന്ന ഭാഗ്യവതിയായി പരിണമിച്ചു. ആ ജീവിതം ധ്യാനിക്കാൻ 'യുവജനം' ത്രൈമാസികയുടെ താളുകളിൽ കൂടി ഇടയാകട്ടെ എന്നാശംസിക്കുന്നു. ലഹരി വിമുക്ത സമൂഹത്തിനുവേണ്ടി അണിചേരുവാൻ 'DRUXIT' എന്ന പരിപാടിയിൽ കൂടി മലങ്കര സഭ ഒരു വലിയ തുടക്കം കുറിച്ചിരിക്കുകയാണ്. ഏവരും ഈ ലക്ഷ്യ സാക്ഷാത്കരണത്തിനായി അധ്വാനിക്കുകയും, സഭയിലെ ഒരു യുവാവുപോലും ലഹരിക്ക് അടിമയാകാതിരിപ്പാൻ പ്രാർത്ഥിക്കുകയും വേണം എന്ന് നാം പ്രത്യേകം ഉദ്ബോദിപ്പിക്കുന്നു.

വായന നന്നേ കുറയുകയും, ദൃശ്യമാധ്യമങ്ങളിലേക്ക് മാത്രം നമ്മുടെ ശ്രദ്ധ മാറിപ്പോവുകയും ചെയ്യുന്ന ഇക്കാലയളവിൽ ഭവനാന്തരീക്ഷത്തിൽ തന്നെ വായനാശീലം പുനഃക്രമീകരിക്കുവാൻ കൂടി ഈ പ്രസിദ്ധീകരണം മുഖാന്തിരമാകുമെങ്കിൽ അത് വലിയ നേട്ടമായി നാം വിലയിരുത്തുന്നു. 'യുവജനം' ത്രൈമാസികക്ക് നമ്മുടെ അനുമോദനങ്ങൾ നേരുന്നു. അണിയറ പ്രവർത്തകരെ അഭിനന്ദിക്കുന്നു.

ദൈവം അനുഗ്രഹിക്കട്ടെ!

**ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ**



## പ്രസിഡന്റിന്റെ സന്ദേശം

# വിശ്വാസം... സ്വാതന്ത്ര്യം... വിമോചനം...



ഡോ. ഗീവർഗീസ് മാർ യൂലിയോസ് മെത്രാപ്പോലീത്ത

**മലങ്കര നസ്രാണി എന്ന നിലയിൽ വിശ്വാസ സ്വാതന്ത്ര്യവും സഭാ സ്വാതന്ത്ര്യവും ദേശീയ സ്വാതന്ത്ര്യവും എന്നീ ത്രിവിധ തലങ്ങളിൽ സ്വാതന്ത്ര്യത്തിന്റെ പുതു വെളിച്ചം നാം അനുഭവിക്കുന്നുണ്ടെങ്കിലും തലമുറയെ കരവലയത്തിലാക്കുന്ന ലഹരി ഓരോ ദിനവും കരുത്താർജിച്ച് കൊണ്ടിരിക്കുന്നു. മനുഷ്യ ജീവിതത്തിലേക്ക് കടന്നുവരുന്ന അസ്വാതന്ത്ര്യത്തിന്റെ സൈറനാണ് ലഹരി. ലഹരിയ്ക്ക് എതിരെയും, എതിരായും ഉണർന്ന് പ്രവർത്തിക്കുവാൻ യുവത മുന്നിട്ടിറങ്ങണമെന്നത് ഇന്നിന്റെ അനിവാര്യതയാണ്. ലഹരി വിമോചനത്തിനായി യുവജനങ്ങൾ ഒരുമിച്ച് .. ഒരുമയോടെ ... ഒന്നായി ... പടപൊരുതാം... ഒരു വിമോചന സമരമായി**

ഒരു നദി കണക്കെ കാലം ഇങ്ങനെ ഒഴുകുകയാണ്... ചിലപ്പോൾ താളാത്മകമായി ശാന്തതയോടെ... ചിലപ്പോൾ കരകവിഞ്ഞ് അശാന്തതയോടെ... മറ്റു ചിലപ്പോൾ വറ്റി വരണ്ട് അസ്വസ്തമായി... സമ്മിശ്ര വൈകാരിക തലങ്ങളിലൂടെ കാലഘട്ടം മുന്നോട്ട് പൊയ്ക്കൊണ്ടിരിക്കുന്നു.

ഒരു വർഷത്തിന്റെ മധ്യഭാഗം പിന്നിട്ടിരിക്കുന്ന അനുഗ്രഹീത നിമിഷത്തിന്റെ വർത്തമാന കാലഘട്ടത്തിലാണ് നാമേവരും. ആത്മീയപരമായും സഭാപരമായും സാമൂഹ്യപരമായും ഒട്ടേറെ സവിശേഷതകൾ നിറഞ്ഞിരിക്കുന്ന മഹനീയ മാസമാണ് ഓഗസ്റ്റ്. ഓഗസ്റ്റിന്റെ ദിനത്താളുകളിൽ സ്വാതന്ത്ര്യത്തിന്റെയും പ്രത്യാശയുടെയും മധുനുകർന്ന ചില സ്മരണകൾ ആലേഖനം ചെയ്തിരിക്കുന്നുണ്ട്

മാനവ കുലത്തിന്റെ പാപപങ്കിലമായ ജീവിതത്തിൽ നിന്നും പറുദീസയിലെ ആത്മീയ സൗഭാഗ്യത്തിലേക്ക് കൂട്ടി ചേർക്കുവാൻ സ്വയം ത്യാഗവും യാഗവുമായി തീർന്ന ദൈവപുത്രന് മനുഷ്യവതാരം സാധ്യമാക്കി തീർത്ത നിത്യകന്യകയും ദൈവമാതാവുമായ കന്യക അമ്മയുടെ വാങ്ങിപ്പിന്റെ ഓർമ്മകളിലാണ് സഭ ആകമാനവും. മാനവകുലത്തിന്റെ സ്വാതന്ത്ര്യത്തിന് മുഖാന്തരമായവനെ വഹിച്ച പരിശുദ്ധ അമ്മയുടെ ശ്രേഷ്ഠമായ ഓർമ്മ നോമ്പോട് കൂടിയാണ് സഭ ചേർത്തുപ്പിടിക്കുന്നത്.

സമർപ്പണത്തിന്റെയും സഹനത്തിന്റെയും ആൾരൂപമാണ് പരിശുദ്ധ കന്യകമറിയം. ഇരുതല വാളിനെക്കാൾ മൂർച്ചയുള്ള തിരുവചന സന്ദേശത്തെ അധരത്തിലും ഹൃദയത്തിലും ജീവിതത്തിലും സമതീക്ഷണതയോടെ അനുവർത്തിക്കുവാൻ പരിശുദ്ധ കന്യകമറിയത്തിന് സാധ്യമായി തീർന്നു. ദൈവഹിത പൂർത്തികരണത്തിന് സ്വയം സമർപ്പിച്ച അവൾക്ക് ലഭിച്ചത് 'കൃപ നിറഞ്ഞവളെ നിനക്ക് സമാധാനം' എന്ന വലിയ അംഗീകാരമായിരുന്നു. ഹൃദയത്തിലൂടെ വാൾ കടക്കുമെന്ന് പ്രവചനത്തിന്റെ മുമ്പിൽ അവൾ ജീവിതം കൊണ്ട് പ്രതിവചിച്ചു 'ഇതാ ഞാൻ കർത്താവിന്റെ ദാസി, നിന്റെ ഹിതം പോലെ ഭവിക്കട്ടെ...'സമർപ്പണവും സഹനവും ക്രിസ്താനുകരണത്തിന്റെയും ക്രിസ്തുവഹനത്തിന്റെയും മുന്നോടിയാണെന്നാണ് പരിശുദ്ധ ദൈവജനിത്രി നമ്മോട് സാക്ഷിക്കുന്നു. മാനവ കാലത്തിന്റെ സ്വാതന്ത്ര്യത്തിന് മുഖാന്തരമായ ആ അമ്മയുടെ മധ്യസ്ഥതയിൽ നമുക്ക് അഭയപ്പെടാം.

മലങ്കര നസ്രാണികളുടെ സ്വയം ശീർഷകത്തിന്റെയും സ്വയം പര്യാപ്തതയുടെയും സ്വാതന്ത്ര്യത്തി

ന്റെയും സ്വത്വബോധത്തിന്റെയും അടയാളമാണ് 1912-ൽ സ്ഥാപിതമായ കാതോലിക്കേറ്റ്. വൈദേശിക നീരാളി പിടുത്തത്തിന്റെ വിശ്വാസ സംഹിതകളിൽ നിന്നും അധികാര വികേന്ദ്രീകരണസരണിയിൽ നിന്നും അകന്ന് പൈതൃക സ്വാതന്ത്ര്യത്തിന്റെ വിലയം പ്രാപിക്കൽ കൂടിയായിരുന്നു മലങ്കര സഭയിലെ കാതോലിക്കേറ്റ്. ഒരർത്ഥത്തിൽ വൈദേശിക അധികാര സ്വാർത്ഥ തത്പരതയ്ക്ക് മുമ്പിൽ ഉയർന്നുവന്ന സ്വാതന്ത്രത്തിന്റെ യവനികയായിരുന്നു മലങ്കരയിൽ സ്ഥാപിതമായ കാതോലിക്കേറ്റ്. സഭയുടെ വൈതരണികൾക്ക് മുമ്പിൽ ഉദിച്ചുയർന്ന കാതോലിക്കേറ്റ് എന്ന സ്വാതന്ത്രദീപ്തിയ്ക്ക് തിരി തെളിയിക്കാൻ കാലം ഒരുക്കിയത് പരിശുദ്ധ മോർ അബ്ദേദ് മിശിഹാ ദ്വിതീയൻ പാത്രികർക്കീസ് ബാവയായിരുന്നു. ആ പിതാവിന്റെ 110-ാം ദുഖ്റോനോ കൂടിയാണ് ഓഗസ്റ്റ് 15-ാം തീയതി. സഭാപരവും വിശ്വാസപരവുമായ പൈതൃക സ്വാതന്ത്ര്യത്തിന് വഴിയൊരുക്കിയ പരിശുദ്ധ അബ്ദേദ് മിശിഹാ ദ്വിതീയൻ പാത്രിയർക്കീസ് ബാവ ഉൾപ്പെടെയുള്ള എല്ലാ പൂർവസൂരികളെയും പ്രാർത്ഥനയോടെ ദൈവമുമ്പാകെ സമർപ്പിക്കാം.

സൂര്യനസ്തമിക്കാത്ത നാടെന്ന വിശേഷണ സാമ്രാജ്യത്തിന്റെ അധികാര-അടിമത്ത വലയത്തിൽ നിന്ന് മാതൃഭൂമിയായ ഭാരതം സ്വാതന്ത്രം പ്രാപിച്ചിട്ട് 78 ആണ്ടുകൾ പൂർത്തിയാക്കുന്ന സൗഭാഗ്യ സന്ദർഭമാണിത്. 1757ലെ പ്ലാസി യുദ്ധത്തിന് ശേഷം ഇന്ത്യയിൽ, ബ്രിട്ടീഷ് ഈസ്റ്റ് ഇന്ത്യ കമ്പനിയുടെ സ്ഥാപനം മൂലം ആരംഭിച്ച ബ്രട്ടീഷ് കൊളോണിയൽ ഭരണതന്ത്രം 190 വർഷം ഇന്ത്യയുടെ നാനാഭാഗത്തും തകർച്ചയുടെയും അസ്വാത ന്ത്രത്തിന്റെയും അക്രമത്തിന്റെയും അലയടികൾ ഉയർത്തിയിരുന്നു. മനുഷ്യന്റെ നീതിപരവും ധർമപരവുമായ എല്ലാ അവകാശത്തിന്മേലുള്ള കടന്നു കയറ്റം മരണ തുല്യമോ മൃഗീയത്വപരമോ ആണ്. മൃഗീയപരമായ രണ്ട് നൂറ്റാണ്ടിലെ നുകത്തെ വലിച്ചെറിഞ്ഞ് ഭാരതത്തിന്റെ സംസ്കൃതിയെ തിരികെ ചേർത്ത് സ്വാതന്ത്രത്തിന്റെ ഹരിത ഭംഗി ജ്വലിപ്പിച്ച സുരഭിലമായ സ്മരണയും ഓഗസ്റ്റ് 15ന് നാം ആഘോഷിക്കുന്നു. രക്തരണത്തിലൂടെയും ഇരുട്ടറയിലെ ജീവിതത്തിലൂടെയും അടിമത്തഗന്ധാനുഭവത്തിലൂ ടെയും ഭാവി ഭാരതത്തിന് സ്വതന്ത്രമായ ആവിഷ്കാര പ്രത്യാശ നൽകിയ എല്ലാ സ്വതന്ത്ര സമര മഹാനുഭാവന്മാർക്കും ആദരവുകൾ അർപ്പിക്കാം.

മലങ്കര നസ്രാണി എന്ന നിലയിൽ വിശ്വാസ സ്വാതന്ത്രവും (പരിശുദ്ധ അമ്മ) സഭാ സ്വാതന്ത്രവും (കാതോലിക്കേറ്റ്) ദേശീയ സ്വാതന്ത്രവും (സ്വാതന്ത്ര ദിനം) എന്നീ ത്രിവിധ തലങ്ങളിൽ സ്വാതന്ത്രത്തിന്റെ പുതു വെളിച്ചം നാം അനുഭവിക്കുന്നുണ്ടെങ്കിലും തലമുറയെ കരവലയത്തിലാക്കുന്ന ലഹരി ഓരോ ദിനവും കരുത്താർജിച്ച് കൊണ്ടായിരിക്കുന്നു. സ്വതന്ത്ര സമൂഹത്തിൽ ഇന്നിന്റെ മനുഷ്യ ജീവിതത്തിലേക്ക് കടന്നുവരുന്ന അ സ്വാതന്ത്രത്തിന്റെ സൈറനാണ് ലഹരി. ജീവിതത്തിലെ സമസ്ത അടിമ ഭാവവും ഉൾക്കൊള്ളുന്ന ലഹരിയ്ക്ക് എതിരെയും എതിരായും ഉണർന്ന് പ്രവർത്തിക്കുവാൻ നസ്രാണി യുവത മുന്നിട്ടിറങ്ങണമെന്നത് ഇന്നിന്റെ അനിവാര്യതയാണ്. യുവജനപ്രസ്ഥാനം കേന്ദ്ര തലത്തിൽ ലഹരിവിമോചന മുന്നേറ്റ യാത്ര കാസർഗോഡ് മുതൽ തിരുവനന്തപുരം വരെ നടത്തുവാൻ കഴിഞ്ഞു എന്നത് അഭിമാനാർഹമാണ്. തുടർന്നും വിവിധ കർമപദ്ധതികളാൽ ലഹരി വിമോചനത്തിനായി യുവജനങ്ങൾ ഒരുമിച്ച്.. ഒരുമയോടെ... ഒന്നായി... പട പൊരുതാം... ഒരു വിമോചന സമരമായി.

**ഇതാ ഞാൻ കർത്താവിന്റെ ദാസി, നിന്റെ ഹിതം പോലെ ഭവിക്കട്ടെ... സമർപ്പണവും സഹനവും ക്രിസ്താനുകരണത്തിന്റെയും ക്രിസ്തുവഹനത്തിന്റെയും മുന്നോടിയാണെന്നാണ് പരി. ദൈവജനിത്രി നമ്മോട് സാക്ഷിക്കുന്നു.**

*പ്രിയരെ,*

*യുവജനപ്രസ്ഥാനത്തിന്റെ വചിക്കുന്ന ജിഹ്വയാണല്ലോ യുവജനം ത്രൈമാസിക. ആശയങ്ങളുടെയും ആവിഷ്ക്കാരങ്ങളുടെയും പഠനത്തിന്റെയും വിശ്വാസ സംഹിതകളുടെയും കൗദാശികാരാധാനകളുടെയും അക്ഷരകൂട്ടമാണ് യുവജനം ത്രൈമാസിക. വളരെ കൃത്യതയോടും ക്രമമായും ഇപ്പോൾ മാസിക ഇറങ്ങുവാൻ സാധിക്കുന്നു എന്നതിൽ നമുക്കഭിമാനമുണ്ട്. 2025-2028 വർഷത്തെ യുവജനം ത്രൈമാസിക എഡിറ്റോറിയൻ അംഗങ്ങളായി ചീഫ് എഡിറ്ററായി ഫാ.ലൂക്ക് ബാബു, പബ്ലിഷറായി ശ്രീ. റോബിൻ ജോ വർഗീസ് ബുധനൂർ, എഡിറ്റോറിയൽ ബോർഡ് അംഗങ്ങളായി ശ്രീ. അനീഷ് ജേക്കബ് തയ്യിൽ, ശ്രീ.ഗീവിസ് മർക്കോസ് പാമ്പാക്കുട എന്നിവരെ നാം കല്പന മുഖാന്തിരം ചുമതലകൾ ഏൽപ്പിച്ചിട്ടുണ്ട്. അനുഗ്രഹാശംസകൾ നേരുന്നതിനൊപ്പം കാലികമായും ക്രിയാത്മകമായും നിലവാരപരമായും യുവജനം ത്രൈമാസികയുടെ പ്രവർത്തങ്ങൾ ക്രമീകരിക്കുവാൻ ചുമതലപ്പെട്ടവർക്ക് സാധ്യമായി തീരട്ടെ എന്ന് പ്രാർത്ഥിക്കുന്നു.*

*പരിശുദ്ധ കന്യാകമറിയം അമ്മയുടെ പ്രാർത്ഥന നമുക്ക് കോട്ടയായിരിക്കട്ടെ...*

*ഏവർക്കും സ്വാതന്ത്ര്യദിനാശംസകൾ നേരുന്നു....*



# EDITORIAL

## ഓഗസ്റ്റിന്റെ ആത്മാവിഷ്ക്കാരം

സന്തോഷങ്ങളെയും സ്വാതന്ത്രങ്ങളെയും
മറ്റു ചില വേദകളെയും സ്മരിക്കുന്ന മാസമാണ് ഓഗസ്റ്റ് ...

പുസ്തകപ്രേമികളുടെയും സൗഹൃദങ്ങളുടെയും യുവജനങ്ങളുടെയും മുതിർന്ന പൗരരുടെയും വനിതാ സമത്വത്തിന്റെയും ദിനങ്ങൾ...

മലയാളത്തിന്റെ പുതുവത്സര ദിനം ആരംഭിക്കുന്ന മാസം...

അഫ്ഗാനിസ്ഥാൻ, ഇന്തോനേഷ്യ, മധ്യ ആഫ്രിക്കയുടെ പടിഞ്ഞാറൻ തീരത്തുള്ള ഗാബോൺ തുടങ്ങിയ രാജ്യങ്ങളും, സൂര്യനസ്തമിക്കാത്ത സാമ്രാജ്യത്തിന്റെ 190 വർഷത്തെ ഇരുണ്ട കാലഘട്ടം ഭാരത മണ്ണിൽ അവസാനിച്ചിട്ട് 78 വർഷങ്ങൾ പിന്നിട്ടിരിക്കുന്ന ഇന്ത്യൻ സ്വാതന്ത്ര്യ ദിനവും ക്വിറ്റ് ഇന്ത്യ സമരവും ഈ മാസം സ്മരിക്കുന്നു...




അടിമക്കച്ചവടം നിർത്തലാക്കിയതിന്റെയും സ്റ്റാൻലിസത്തിന്റെയും നാസിസത്തിന്റെയും ഇരകളെ ഓർമിക്കുന്നതിനും അന്താരാഷ്ട്ര ആണവ വിരുദ്ധ ദിനവും ഓഗസ്റ്റ് നാളുകളിലാണ്...

സമ്മിശ്ര വൈകാരിക തലങ്ങളാൽ സമ്പുഷ്ടമാണ് ഓഗസ്റ്റ്.

സഭയെ സംബന്ധിച്ചിടത്തോളം പാപാന്ധകാരത്തിൽ കിടന്ന മനുഷ്യവർഗത്തിനും പ്രപഞ്ചത്തിനും രക്ഷ നൽകിയ ക്രിസ്തുവിന്റെ, അമ്മയായ കന്യക മറിയത്തിന്റെ വാങ്ങിപ്പിന്റെ ദിവ്യസ്മരണകൾ പേറുന്ന നോമ്പുകാല ദിനങ്ങളും ഓഗസ്റ്റിലാണ്...

സ്വാതന്ത്ര്യം ...

ഒരു വ്യക്തിക്കോ സമൂഹത്തിനോ രാജ്യത്തിനോ നിയമാനുസൃതമായി സ്വന്തം ഇഷ്ടപ്രകാരം പ്രവർത്തിക്കുവാനും തീരുമാനമെടുക്കുവാനും തടസ്സമില്ലാതെ ജീവിക്കുവാനുമുള്ള അവകാശമാണ്.

എന്നാൽ മനുഷ്യൻ പലയിടങ്ങളിലും പാരതന്ത്രത്തിന്റെ വലയിൽപ്പെടുന്നുണ്ട്.

യുദ്ധങ്ങളും കലഹങ്ങളും ഭീകരവാദങ്ങളും മയക്കുമരുന്നുകളും ലഹരികളും ഒക്കെ മനുഷ്യന്റെ സമാധാനപരമായി ജീവിതത്തെ തകർത്തു കളയുന്നതാണ്. മധ്യപൂർവദേശങ്ങളിൽ (Middle East Countries) യുദ്ധങ്ങളും കലഹങ്ങളും ഇനിയും അവസാനിച്ചിട്ടില്ല. അസാമാധനവും ദുരിതങ്ങളും ഭയവും വർദ്ധിച്ചു വരുന്നു. മാനുഷിക ധാർമികയ്ക്കും ദൈവനിയമത്തിനും രാജ്യ നിയമത്തിനും എതിരായി നിൽക്കുന്നതെല്ലാം ഓരോവനിലും പാരതന്ത്രത്തിന്റെ പുറംക്കുപ്പായമായി പര്യവസാനിക്കുന്നുണ്ട്. ഉത്തരാധുനികതയിൽ എല്ലാത്തിന്റെയും തല തൊട്ടപ്പനായി മയക്കുമരുന്ന് സ്വാധീനം ചെലുത്തിയിരിക്കുന്നു... ലോകമാസകലം അക്രമത്തിന്റെയും അനീതിയുടെയും അസമാധനത്തിന്റെയും ക്രമരാഹിത്യത്തിന്റെയും ഉത്തേജക ശക്തിയായി മദ്യ - മയക്കുമരുന്ന് ലഹരികൾ മാറിയിരിക്കുന്നു.



അസ്വാതന്ത്ര്യത്തിന്റെ കാരണഹേതുവായ ലഹരിയ്ക്ക് എതിരെ ഒന്നായ് നിന്ന് പട പൊരുതേണ്ടത് കാലഘട്ടത്തിന്റെ അത്യാവശകതയായി വന്നിരിക്കുകയാണ്. കേന്ദ്ര യുവജനപ്രസ്ഥാനം അതിനുള്ള ആദ്യ പടി എന്ന നിലയിൽ കേരളത്തിലുടനീളം 'ലഹരി വിരുദ്ധ വാഹന റാലി ' നടത്തിയത് ഏറെ ശ്ലാഘനീയമാണ്.

‘ ഒത്ത്ചേർന്നാൽ
ഉലകമൊരുക്കാം
ഒന്നുചേർന്നാൽ
ഉയിരുമെരുക്കാം...’

ലഹരിയുടെ നീരാളിപ്പിടുത്തത്തിൽ നിന്നുള്ള സ്വാതന്ത്രത്തിന് ഒരുമയോടെ പടപ്പൊരുതുക മാത്രമേ വഴിയുള്ളു...

ഭാരത സ്വാതന്ത്രവും (സ്വാതന്ത്രദിനം)

മാനുഷിക സ്വാതന്ത്രവും (രക്ഷാകര സ്വാതന്ത്രത്തിന് കാരണമായ കന്യകമറിയം)
ആഗസ്റ്റിന്റെ ആത്മാവിഷ്കാരമാണ്.

ഏവർക്കും നോമ്പിന്റെ നന്മകളും സ്വാതന്ത്രദിനാശംസകളും ലഹരി സ്വാതന്ത്ര നൈപുണ്യവും നേരുന്നു.

സ്നേഹപൂർവ്വം,

ചീഫ് എഡിറ്റർ

**ഫാ. ലൂക്ക് ബാബു** (യൂഥിക)



# ജനറൽ സെക്രട്ടറിയുടെ കത്ത്

*ഇത് കൂട്ടായ്മയുടെ വിജയം നന്ദി വാക്കുകൾക്കതീതം...*


*ഇടപെട്ട മേഖലയിൽ ഇടപെട്ട ആളുകൾ തങ്ങളുടെ ഉത്തരവാദിത്വം 100% ആത്മാർത്ഥതയോടെ പൂർത്തിയാക്കിയപ്പോൾ അത് മലങ്കര സഭക്കും, യുവജനപ്രസ്ഥാനത്തിനും പുതിയ ഒരു വഴിത്തിരിവാകുവാൻ കാരണമായി എന്ന് അഭിമാനത്തോടെ പറയാം.. ലഹരി വിരുദ്ധ സന്ദേശയാത്ര 14 ജില്ലകളിലായി 21 ഭദ്രാസനങ്ങളിലായി 1400 കിലോമീറ്റർ അധികം ദൂരം സഞ്ചരിച്ച് തിരുവനന്തപുരത്ത് വിജയകരമായി നമ്മൾ പൂർത്തിയാക്കി..*

*കാസർഗോഡ് നർക്കിലക്കാട് നിന്നും ആരംഭിക്കുമ്പോൾ ഓറഞ്ച് അലേർട്ട് പ്രഖ്യാപിച്ച സമയം ആയിരുന്നു. ഉദ്ഘാടന സമ്മേളനത്തിലും മഴ തിമിർത്ത് ചെയ്തപ്പോൾ ഒട്ടും മോടി കുറയാതെ ബ്രഹ്മവാർ ഭദ്രാസനം എല്ലാ ആതിഥേയത്വം മര്യാദകളോടെ വലിയ സ്വീകരണം ഒരുക്കി ഉദ്ഘാടനം കളർഫുൾ മാമാങ്കം ആക്കി മാറ്റി... അവിടെ നിന്നും ഇങ്ങ് തിരുവനന്തപുരം വരെ സ്വീകരണം ഒരുക്കിയ എല്ലാ ഭദ്രാസന കമ്മറ്റികളും ആത്മാർത്ഥമായി ഈ കാര്യങ്ങളിൽ ഇടപെട്ടു.ഇത് നമുക്ക് ഒരു എനർജി ബൂസ്റ്റർ ആണ് സഭക്കും പ്രസ്ഥാനത്തിന് ഇനിയും കൂടുതൽ കരുത്തോടെ മുന്നോട്ട് പോകണം അതിനു ഒരുമിച്ചു മുന്നോട്ട് പോകണം.. ഈ യാത്രയിൽ ആദ്യാന്തം പങ്കാളികൾ ആയ പ്രിയപ്പെട്ടവർ, യൂണിറ്റ് പ്രവർത്തകർ, ഉൾപ്പെടെ ഉള്ളവരെ സ്നേഹത്തോടെ ഓർക്കുന്നു. വാഹനം ക്രമീകരിച്ചവർ, മനോഹരമായ ചിത്രങ്ങൾ എടുക്കുകയും കൃത്യസമയങ്ങളിൽ അത് പബ്ലിഷ് ചെയ്യുകയും ചെയ്ത മീഡിയ ടീമിന് നേതൃത്വം നൽകിയ റീജണൽ സെക്രട്ടറി പ്രിയപ്പെട്ട ജിൻസിന്റെ നേതൃത്വം എടുത്തു പറയേണ്ടത് ആണ്. ഒരു ചുമതലയും ഇല്ലാഞ്ഞിട്ടും പൂർണ്ണസമയ പ്രവർത്തകരായി ഇതോടൊപ്പം പങ്കാളികളായവർ നിരവധിയാണ്. ഭദ്രാസനതല ക്രമീകരണങ്ങൾക്ക് നേതൃത്വം കൊടുത്ത പ്രിയപ്പെട്ടവർ അങ്ങനെ നിരവധി അനവധി ചുമതലകൾ ഏറ്റെടുത്ത് ഭംഗിയായി ഈ യാത്ര പരിവസാനിക്കുവാൻ ഇടയായത് നമ്മുടെ ഓരോരുത്തരുടെയും കൂട്ടായ പ്രവർത്തനങ്ങൾ കൊണ്ടാണ്.*

*തിരുവനന്തപുരം ഭദ്രാസനം സമാപന സമ്മേളനം ഭദ്രാസന തലത്തിൽ വളരെ മനോഹരമായി ക്രമീകരിക്കുവാൻ ആത്മാർത്ഥമായി പരിശ്രമിക്കുകയും അത് പൂർത്തിയാക്കുകയും ചെയ്തു. ഒരു നന്ദി പറച്ചിലിൽ ഒതുങ്ങുന്നതല്ല വാക്കുകൾ ഇനിയും നമുക്ക് ഏറെ ദൂരം ഒരുമിച്ചു പോകണം സഭയുടെ ഭിത്തിക്ക് ബലമേകി പ്രസ്ഥാനത്തെ കൂടുതൽ കരുത്തുറ്റ നിലയിൽ ആക്കുവാൻ.. ലഹരി വിരുദ്ധ പ്രവർത്തനങ്ങളുടെ തുടർ പ്രവർത്തനങ്ങൾ നമുക്ക് ഏറ്റെടുക്കേണ്ടതായിട്ടുണ്ട്. അത് എല്ലാ ഭദ്രാസനങ്ങളും ശ്രദ്ധിക്കണം വേണ്ട നിർദേശങ്ങൾ ഉടനെ നൽകാം.. ഒരിക്കൽ കൂടെ ചെറിയ രീതിയിൽ ആരംഭിച്ചു ഒരു വമ്പൻ പരിപാടി ആയി തന്നെ അവസാനിക്കാൻ ഒപ്പം നിന്നവർക്ക് നന്ദി.*

**ഫാ. വിജു ഏലിയാസ്**





# ക്രിസ്തു യേശുവിലെ സ്വാതന്ത്ര്യവും ജീവന്റെ ലഹരിയും



ഡോ. ജോസഫ് മാർ ബർന്നബാസ്
സഫ്രഗൻ മെത്രാപ്പോലീത്ത

ഇന്നത്തെ ലോകത്ത് ഏറ്റവും കടുത്ത സാമൂഹിക പ്രശ്നങ്ങളിലൊന്നാണ് മയക്കുമരുന്ന് ഉപയോഗം. പ്രായഭേദമന്യേ നിരവധി പേരെ തന്റെ പാശത്തിൽ ആക്കി, ഭാവിയും സ്വപ്നങ്ങളുമൊക്കെ നശിപ്പിക്കുന്ന ഈ ദുരന്തം, വ്യക്തിയെ മാത്രമല്ല, കുടുംബങ്ങളെയും സമൂഹത്തെയും തകർത്തു കൊണ്ടിരിക്കുകയാണ്.

ജീവിതം ദൈവത്തിന്റെ മഹത്തായൊരു കിരീടം തന്നെയാണ്. ഓരോ മനുഷ്യനും സത്യത്തിൽ ഒരു ദിവ്യ ദൗത്യത്തിനായി സൃഷ്ടിക്കപ്പെട്ടവനാണ്. എന്നാൽ ഈ ദൗത്യം തിരിച്ചറിയാനും അതിന്റെ പ്രകാശത്തിൽ നടക്കാനും തടസ്സമാകുന്നത് പലതും മനുഷ്യനെ അധഃപതനത്തിലേക്കും ആത്മഹ ത്യാസദൃശ്യമായ ജീവിതത്തിലേക്കും തള്ളിവിടുന്നു. അതിലൊന്നാണ് ലഹരിക്ക് അടിമപ്പെടൽ. എന്നാൽ ഈ ഇരുട്ടിൽ ഒരു വെളിച്ചമുണ്ട്. ഈ അടിമത്തത്തിൽ നിന്ന് യഥാർത്ഥ മോചനത്തിന് ഒരു വഴി ഉണ്ട്. അതാണ് ക്രിസ്തുവിൽ ഉള്ള ജീവിതം. ക്രിസ്തുവിന്റെ സ്നേഹത്തിൽ ഉള്ള സ്വാതന്ത്ര്യം ഒരാളുടെ ആത്മാവിനെ വീണ്ടും പുനർജ്ജീവിപ്പിക്കുന്നു. അത്രമേൽ ആഴത്തിലുള്ള വിമോചനവും പുതുക്കലുമാണ് യേശു നൽകുന്നത്. അങ്ങനെ ഒരാൾക്ക് തന്റെ സൃഷ്ടിപ്രകൃതിയും ദൈവത്തിന്റെ ദൗത്യവും തിരിച്ചറിഞ്ഞ് പുതിയൊരു ജീവിതം ആരംഭിക്കുമ്പോൾ കർത്താവിന്റെ ഹൃദയവും സന്തോഷിക്കുന്നു.

സ്വാതന്ത്ര്യ ദിനവും ലഹരിവിരുദ്ധ യുവത്വവും യുവജനത്തിന്റെ മുഖ്യ ചിന്താവിഷയമാണല്ലോ.




വിശുദ്ധ മത്തായി എഴുതിയ സുവിശേഷമാണ് സ്വർഗ്ഗരാജ്യത്തെ കുറിച്ചുള്ള നമ്മുടെ കർത്താവിന്റെ സവിശേഷമായ പഠിപ്പിക്കൽ നാം കാണുന്നത്. 8 ഭാഗ്യവർണ്ണനയിലൂടെയാണ് നാം ദൈവിക ചിന്ത തിരിച്ചറിയുന്നത്. ലോകം നൽകുന്ന പഠിപ്പിക്കലുകൾക്കും ആദർശങ്ങൾക്കും വ്യത്യസ്തമായാണ് ഇത് യേശു നമ്മെ പഠിപ്പിക്കുന്നത്. നിലനിൽക്കുന്ന വ്യവസ്ഥിതി

യെ പുനരാഖ്യാനം ചെയ്ത് യേശു തന്റെ രാജ്യത്തിന്റ സവിശേഷതകൾ നമ്മെ ഗ്രഹിപ്പിക്കുന്നു.

നിലനിന്നു വരുന്ന ചൂഷണ വ്യവസ്ഥിതിയുടെ ഇരകളാണ് ദരിദ്രരും, ദുഃഖിതരും, നിശബ്ദരും, ഉപദ്രവിക്കപ്പെടുന്നവരും, നീതിക്കായി വിശക്കുന്നവരും എല്ലാം. എന്നാൽ അപ്രകാരമുള്ളവർ ആദരപൂർവ്വം സ്വീകരിക്കപ്പെടുകയും ആശ്വാസവും അവകാശവും തൃപ്തിയും പ്രാപിക്കുകയും ചെയ്യുന്ന ഇടമാണ് ദൈവരാജ്യം. നീതി ലഭ്യതയിലെ അസമത്വങ്ങൾ പരിഹരിക്കപ്പെടുകയും ന്യായവും നീതിയുക്തവുമായ വിഭവ വിതരണം സാധ്യമാവുകയും ചെയ്യുന്ന ഒരു ക്ഷേമ രാഷ്ട്രസങ്കല്പം ഈ ഭാഗ്യ വർണ്ണനകളിൽ തെളിഞ്ഞു നിൽക്കുന്നു. വിശുദ്ധ മത്തായി എഴുതിയ സുവിശേഷത്തിലെ 5,6,7 അധ്യായങ്ങളിൽ നിറഞ്ഞുനിൽക്കുന്ന ദൈവരാജ്യ ചിന്തകൾ വളരെ സ്വാധീനിച്ച ഒരു മഹൽ വ്യക്തിയാണ് നമ്മുടെ രാഷ്ട്രപിതാവായ മഹാത്മജി. രാമരാജ്യം എന്ന തന്റെ സ്വപ്നം ഭാരതത്തിൽ നട്ടുപിടിപ്പിക്കുന്നതിന് ധാർമിക അടിത്തറ പാകിയ ആത്മീയ ആചാര്യനാണ് ഗാന്ധിജി. അഹിംസ മന്ത്രത്തോടും സഹന സമരത്തോടും ചേർന്ന് ഒരു സാമ്രാജ്യത്വശക്തിയെ എതിരിടുവാൻ ഒരു ജനതയെ പോ രാട്ടത്തിന് ശക്തികരിച്ചു (വി. മത്തായി 5. 38-40).

സത്യം, ധർമ്മം, നീതി എന്നീ ദൈവിക സ്വഭാവമാണ് ഈ രാഷ്ട്രത്തിന്റ അടിസ്ഥാനം എന്ന് ഗാന്ധിജി നമ്മെ പഠിപ്പിച്ചു. അതിന് ഭംഗം വരുത്തുന്ന എല്ലാ ശക്തികളോടും നാം നിരന്തരം പോരാടി കൊണ്ടിരിക്കണം. സ്വാതന്ത്ര്യത്തിന് നമ്മൾ കൊടുക്കേണ്ട വില അതാണ്. സഹനങ്ങളിൽ സമരാഗ്നി കാണുന്ന ദൈവരാജ്യ ദർശനം നാം പിന്തുടരണം.

ലഹരി നമ്മുടെ സമൂഹത്തെ കാർന്നു തിന്നു കൊണ്ടിരിക്കുന്നു. യൗവനക്കാരായ നമ്മുടെ മക്കൾ ഈ ചതിക്കുഴിയിൽ വീണു കിടക്കുന്നു. ധനത്തിന്റെ അതിലഭ്യതയും, ജീവിതത്തെക്കുറിച്ച് വ്യക്തതയും ഇല്ലാത്ത ഒരു സമൂഹമായി ലഹരിപദാർത്ഥങ്ങളുടെ പിന്നിൽ നമ്മുടെ യൗവനക്കാർ ഓടുന്ന കാഴ്ച ഈ കാലത്തെ അതീവ ദുഖകരമായ കാഴ്ചകളിൽ ഒന്നാണ്. ലഹരി വസ്തുക്കളുടെ കലവറ ഇല്ലാത്ത വിതരണവും, ഭവനങ്ങളിലെ ശിക്ഷണത്തിന്റെ അഭാവവുമെല്ലാം ലഹരി ഉപയോഗം ത്വരിതപ്പെടുത്തുന്നു. ഗവൺമെന്റ് സംവിധാനങ്ങളും എല്ലാം ഇവിടെ പരാജയപ്പെട്ട് നിസഹായരായി നിൽക്കുന്നു. പ്രാർത്ഥനയുടെ കുറവും ബന്ധങ്ങളുടെ കുറവും എല്ലാം ഇവിടെ കാരണങ്ങളായി ഉണ്ട്. നമുക്ക് നമ്മുടെ മക്കളെ കൂടുതൽ സ്നേഹിക്കാം. സ്നേഹം ഒരു ഔഷധമാണ് അത് അവർക്ക് സൗഖ്യകാരണമായി തീരും.

ഇന്നത്തെ യുവാക്കൾ നിരവധി വെല്ലുവിളികൾ നേരിടുന്നവരാണ്. പരീക്ഷാ സമ്മർദ്ദം, കുടുംബ പ്രശ്നങ്ങൾ, ജീവിത വിജയത്തിനുള്ള പരക്കം പാച്ചിൽ, വിഷാദം, തുടങ്ങിയ മാനസിക രോഗ്യ പ്രശ്നങ്ങൾ ഇവയൊക്കെ മയക്കുമരുന്നുകളിലേക്ക് അവരെ ആകർഷിക്കുന്നു.

വായന, വിവിധയിനം സ്പോർട്സിലുള്ള പങ്കാളിത്തം, വിവിധതരം കലാകായിക മേഖലകളിലുള്ള സജീവ സാന്നിധ്യം, ലഹരി ആസക്തരെ തിരഞ്ഞുപിടിച്ച് ചികിത്സയും സഹോദര സ്നേഹ കൂട്ടായ്മയും നൽകുക തുടങ്ങിയ പോസിറ്റീവ് ആയ കാര്യങ്ങളുടെ ലഹരിയിലേക്ക് ഉള്ള വഴി നാം കാണിച്ചു കൊടുക്കുക.

മദ്യത്തിന്റെയും മയക്കുമരുന്നിന്റെയും ഉപയോഗം വ്യക്തികളെ മാത്രമല്ല, കുടുംബത്തിന്റെയും സമൂഹത്തിന്റെയും പ്രശ്നങ്ങളാണ്. സ്നേഹം, പ്രാർത്ഥന, പ്രവർത്തി, ഇവയിലൂടെ നമുക്ക് ഒരാളെ സന്മാർഗത്തിൽ ചരിപ്പാൻ സഹായിക്കാം.

ഒരിക്കൽ സ്വതന്ത്രരായവർ വീണ്ടും അടിമനുകത്തിൽ പ്രവേശിപ്പാൻ ഇടയാകാതെ തന്റെ ജീവനെ വിലയുള്ളതായി കണക്കാക്കട്ടെ. നഷ്ടപ്പെടുന്ന അവനെക്കുറിച്ച് ഭാരമുള്ളവനായിരിക്കണം ഒരു വിശ്വാസി. അതിലേക്ക് ദൈവം നമ്മെ നയിക്കട്ടെ.



*തിരുവനന്തപുരം ഭദ്രാസന പ്രഥമ മെത്രാപ്പോലീത്ത അഭി. ഗീവർഗീസ് മാർ ദിയസ്കോറോസ് തിരുമേനിയുടെ 26-ാമത് ഓർമ്മ പെരുന്നാളിനോടനുബന്ധിച്ച് യുവജനപ്രസ്ഥാനത്തിന്റെ ആഭിമുഖ്യത്തിൽ നടത്തിയ പാവന സ്മരണ തീർത്ഥയാത്ര*



# കുടുംബ കോടതികൾ



**ഡോ. ജെയ്സി കരിങ്ങാട്ടിൽ**
(വൈസ് പ്രിൻസിപ്പാൾ,
സി.എസ്.ഐ. ലോ കോളേജ്,
കോട്ടയം)

**കേ**രളത്തിൽ കുടുംബ കോടതികളുടെ എണ്ണം വർദ്ധിക്കുന്നു. ഇപ്പോൾ 35 കുടുംബ കോടതികളായി. കേരളത്തിൽ കുടുംബ പ്രശ്നങ്ങൾ വർദ്ധിക്കുന്നതിനാൽ കുടുംബ കോടതികൾ ഇനിയും അനിവാര്യമാണ്. പത്തുലക്ഷത്തിൽ അധികം ജനങ്ങളുള്ള പട്ടണങ്ങളിൽ കുടുംബകോടതി സ്ഥാപിക്കാമെന്ന് നിയമം നിർദ്ദേശിക്കുന്നു.

കുടുംബ പ്രശ്നങ്ങൾ ഒത്തുതീർപ്പാക്കുന്നതിന് പ്രത്യേകതരം സംവിധാനമുള്ളതാണ് കുടുംബ കോടതി. കുടുംബ ജീവിതവുമായി ബന്ധപ്പെട്ട ഏതു വിഷയവും കുടുംബ കോടതിയുടെ പരിധിയിൽപ്പെടുന്നു. വിവാഹപ്രശ്നങ്ങൾ, വിവാഹത്തിന്റെ സാധുത, സംരക്ഷണം, ജീവനാംശം, പിതൃത്വം, പിതൃസ്വത്തവകാശം തുടങ്ങി കുടുംബബന്ധങ്ങളെ നിയന്ത്രിക്കുന്ന ഏതു നിയമമനുസരിച്ചുള്ള ഹർജിയിലും വിധി കല്പിക്കാനുള്ള അധികാരം കുടുംബ കോടതിക്കുണ്ട്.

കുടുംബ പ്രശ്നങ്ങൾ കൗൺസലിങ്ങിലും ലഘുവായ നിയമ നടപടികളിൽ കൂടിയും പരിഹരിക്കപ്പെടുന്നതിനായി രൂപശില്പം ചെയ്തതാണ് കുടുംബ കോടതി. അതിനാൽ നടപടിക്രമങ്ങളിൽ മറ്റ് കോടതികളിൽ നിന്നും വ്യത്യസ്തത പുലർത്തുന്നു. കർക്കശമായ നിയമ നടപടിക്രമങ്ങളുടെ ഘടനയിൽ നിന്നും 'കുടുംബ കാര്യങ്ങളെ' മോചിപ്പിക്കണമെന്ന് ദീർഘകാലമായി ഇന്ത്യയിലെ വിവിധ വനിതാ സംഘടനകൾ ആവശ്യപ്പെട്ടതനുസരിച്ച് 1974 ലെ 59-ാം മത് നിയമ കമ്മീഷന്റെ ശുപാർശപ്രകാരം 1984 സെപ്റ്റംബർ 14 ന് കുടുംബ കോടതി നിലവിൽ വന്നു. കുടുംബ കാര്യങ്ങൾ ഒത്തുതീർപ്പിലെത്തിക്കുന്നതിനുള്ള പ്രത്യേക സംവിധാനമാണിത്.

ഇന്ത്യൻ കുടുംബ കോടതി നിയമത്തിന്റെ (Family Court Act) ആമുഖത്തിൽ കുടുംബ പ്രശ്നങ്ങളിൽ ഇരു കക്ഷികളേയും അനുരഞ്ജനപ്പെടുത്തി ദ്രുതഗതിയിൽ കുടുംബ വ്യവഹാരങ്ങൾ പരിഹരിക്കുന്നതിനായി കുടുംബ കോടതികൾ സ്ഥാപിതമായി എന്ന് വ്യക്തമാക്കുന്നു.

കുടുംബ ബന്ധങ്ങളുടെ താളപ്പിഴകൾ കോടതി വരാന്തയിൽ പല പ്രാവശ്യം കയറിയിറങ്ങിയാലും തീരാറില്ല. കുടുംബ ജീവിതവുമായി ബന്ധപ്പെട്ട് കുടുംബാംഗങ്ങൾ തമ്മിലുള്ള വ്യവഹാരങ്ങളിൽ കുടുംബ കോടതി ഒരു പ്രത്യേക സമീപനം സ്വീകരിച്ചിട്ടുണ്ട്. 'കുടുംബ തകർച്ചയിൽ അധികവും വൈകാരിക പ്രശ്നങ്ങളാണ്. അത് സങ്കീർണ്ണമായ നിയമ തത്ത്വങ്ങളിൽ കീറിമുറിച്ച് അപഗ്രഥിക്കപ്പെടേണ്ടതില്ല. പ്രശ്നങ്ങൾ കഴിവതും ഒത്തുതീർപ്പിലെത്തിക്കുവാൻ കക്ഷികളെ സഹായിക്കണം. കുടുംബ ബന്ധം പരമാവധി സംരക്ഷിക്കപ്പെടണം. അതിനാൽ സമൂഹത്തിന്റെ പ്രാഥമിക ഘടകമായ കുടുംബ പ്രാധാന്യം അംഗീകരിച്ച് കുടുംബ വ്യവഹാരങ്ങളിൽ ഒരു മദ്ധ്യസ്ഥ നിലപാടാണ് സ്വീകരിക്കുന്നത്. വിവാഹ ബന്ധങ്ങൾ, വിവാഹത്തിന്റെ സാധുത, ഭാര്യാ ഭർത്താക്കന്മാരുടെ വസ്തു തർക്കങ്ങൾ, ദാമ്പത്യ ബന്ധത്തിലെ താളപ്പിഴകൾ, പിതൃത്വ സംബന്ധമായ തർക്കങ്ങൾ, ജീവനാംശ നടപടികൾ, മൈനറുടെ രക്ഷാകർത്തൃപരമായ വിവാദങ്ങൾ എന്നിവയുടെ വിചാരണയിൽ കക്ഷികൾക്ക് നേരിട്ട് ഹാജരായി കാര്യങ്ങൾ അവതരിപ്പിക്കാം.

കക്ഷികളെ പ്രതിനിധീകരിക്കാൻ വക്കീൽ (Advocate) ആവശ്യമില്ലാത്ത വേദിയാണ് കുടുംബകോടതി. ബഹുജനങ്ങൾക്ക് സ്വതന്ത്രമായി കോടതിയെ സമീപിക്കുവാൻ കഴിയുന്നതിനുവേണ്ടിയാണ്, മറ്റ് കോടതികളിൽ നിന്നും വ്യത്യസ്തമായതാണ് ഇതിന്റെ വാസ്തുശില്പം. കുടുംബ കോടതിയിൽ ആഹ്ലാദകരവും ഊഷ്മളവുമായ അന്തരീക്ഷം കഴിയുന്നത്ര നിലനിർത്തണമെന്ന് നിയമത്തിൽ നിഷ്കർഷിക്കുന്നു. ന്യായാധിപർ (Judges) ഉയർന്ന പീഠത്തിലോ സ്ഥാനവസ്ത്രങ്ങളിലോ ഉപവിഷ്ടരാകാറില്ല. കുടുംബ വ്യവഹാരങ്ങൾ കഴിവതും ഒത്തുതീർപ്പാക്കുന്നതിനുള്ള ഭൗതിക സാഹചര്യങ്ങളാണ് കോടതി ഒരുക്കുന്നത്. കുടുംബ പ്രശ്നങ്ങൾ രമ്യതയിൽ എത്തിക്കുന്നതിനും കക്ഷികൾ തമ്മിൽ സ്വരചേർച്ച സൃഷ്ടിക്കുന്നതിനുമായി വിദഗ്ദ്ധരുടെ ഉപദേശങ്ങളും ഗുണദോഷങ്ങളും (Counselling) നൽകാറുണ്ട്. മനഃശാസ്ത്രം, സാമൂഹിക ശാസ്ത്രം, സാ

മൂഹിക പ്രവർത്തനം (Social Work) എന്നിവയിൽ പ്രാവീണ്യം ലഭിച്ചവരെ ഇരുകക്ഷികൾക്കും കൗൺസലിങ്ങിനായി കോടതി നിയോഗിക്കും.

19-ാം നൂറ്റാണ്ടു മുതൽ ഇംഗ്ലണ്ടിൽ 'കുടുംബ കോടതിക്ക്' സമാനമായ കോടതി നടപടികൾ ഉണ്ടായിരുന്നു. അമേരിക്കയിൽ 1910 ലും ജപ്പാനിൽ 1949 ലും നിലവിൽ വന്ന കുടുംബ കോടതി ഇന്ത്യയിൽ യാഥാർത്ഥ്യമായത് 1984 ലാണ്. 2001ലെ കണക്കിൻ പ്രകാരം ഇന്ത്യയിലെ 18 സംസ്ഥാനങ്ങളിലായി 84 കുടുംബ കോടതികളെ ഉണ്ടായിരുന്നുള്ളു. എന്നാൽ 2025 ലെ സ്ഥിതി വിവരണ പ്രകാരം 850 കുടുംബ കോടതികൾ ഇന്ത്യയിലുണ്ട്.

വ്യവസായവൽക്കരണം, നഗരവൽക്കരണം, സാങ്കേതികവൽക്കരണം, ആഗോളവൽക്കരണം തുടങ്ങിയവയുടെ നിഷേധ സ്വാധീനങ്ങൾ കേരളത്തിലെ കുടുംബ ബന്ധങ്ങളെ ജീർണ്ണതപ്പെടുത്തുന്നു. മാധ്യമങ്ങളുടെ സ്വാധീനം, കമ്പോള-ഉപഭോഗസംസ്കാരം (Market Culture) എന്നിവ പരമ്പരാഗത മൂല്യങ്ങളെ തകർത്തു. പാശ്ചാത്യ സംസ്കാരത്തിന്റെ അധിനിവേശം കുടുംബങ്ങളെ പിടിച്ചടക്കി. അസമത്വം, ചൂഷണം, ആക്രമണം എന്നിവ കുടുംബത്തിനുള്ളിൽ ശക്തിപ്പെട്ടു. മത മൂല്യങ്ങളുടെ നിഷേധവും, തിരസ്ക്കരണവും കുടുംബ ബന്ധങ്ങളിലെ പവിത്രത നശിപ്പിച്ചു. വിദേശ പണത്തിന്റെ ആധിക്യവും ബന്ധങ്ങൾ യാന്ത്രികമാക്കി. മാനവിക-സാമൂഹിക പെരുമാറ്റ വൈകൃതങ്ങൾ, ഗാർഹിക പീഡനം, ആത്മഹത്യകൾ, സൈബർ കുറ്റകൃത്യങ്ങൾ, മദ്യ മയക്കുമരുന്നുകൾ, കൊലപാതകങ്ങൾ, സാമൂഹിക മാധ്യമങ്ങളുടെ ഇടപെടൽ, വിവാഹേതര ബന്ധങ്ങൾ എന്നിവ ജനങ്ങളിൽ വർദ്ധിക്കുന്നു. ഇങ്ങനെ ദൈവത്തിന്റെ സ്വന്തനാട്ടിൽ കുടുംബ ബന്ധങ്ങൾ ശിഥിലമാകുന്നു. കുടുംബ വ്യവഹാരങ്ങളും സ്വരചേർച്ചാ പ്രശ്നങ്ങളും കോടതിയിൽ എത്തിച്ചേരുന്നു. കുടുംബ പ്രശ്നങ്ങൾ സങ്കീർണ്ണവും വൈവിധ്യവുമാകുന്നു. അതിനാൽ കോടതികളുടെ എണ്ണം സർക്കാർ വർദ്ധിപ്പിക്കുകയാണ്. കുടുംബ കോടതിയിൽ എത്തിച്ചേരുന്ന കേസുകളുടെ എണ്ണവും അനുദിനം വർദ്ധിക്കുന്നു.

**കുടുംബ കോടതി ഇന്ത്യയിൽ യാഥാർത്ഥ്യമായത് 1984 ലാണ്. 2001ലെ കണക്കിൻ പ്രകാരം ഇന്ത്യയിലെ 18 സംസ്ഥാനങ്ങളിലായി 84 കുടുംബ കോടതികളെ ഉള്ളു. എന്നാൽ 2025 ലെ സ്ഥിതി വിവരണ പ്രകാരം 850 കുടുംബ കോടതികൾ ഇന്ത്യയിലുണ്ട്.**


കേരളത്തിൽ 1992 ജൂൺ 6 നാണ് തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നിവിടങ്ങളിൽ കുടുംബ കോടതി ആദ്യമായി ആരംഭിച്ചത്. പിന്നീട് കൊല്ലം, തിരുവല്ല, ഏറ്റുമാനൂർ, തൃശ്ശൂർ, മഞ്ചേരി, കണ്ണൂർ, കൊട്ടാരക്കര, ആലപ്പുഴ, നെടുമങ്ങാട് തുടങ്ങിയ സ്ഥലങ്ങളിൽ കുടുംബ കോടതികൾ പ്രവർത്തനം ആരംഭിച്ചു. കേരളത്തിൽ 2025 ൽ 35 കുടുംബ കോടതികളുണ്ട്. ഇനിയും കോടതികളുടെ എണ്ണം വർദ്ധിപ്പിക്കേണ്ട സാഹചര്യം ഉണ്ട്.

കുടുംബ കേസുകളിൽ താളപ്പിഴകളുടെ ഇരകളാകുന്നത് 'സ്ത്രീ സമൂഹ'മായിരിക്കും. ഭർത്താവ് ഭാര്യക്കു ജീവിതവക നൽകുവാൻ ബാദ്ധ്യസ്ഥനാണെന്ന പ്രാഥമിക തത്ത്വം എല്ലാ വ്യക്തി നിയമങ്ങളും അംഗീകരിക്കുന്നുണ്ട്. ഇതിന് ജാതിമത വകഭേദങ്ങളില്ല. പ്രായപൂർത്തിയാകാത്ത മക്കളുടെ 'സംരക്ഷണത്തിനും' പിതാവിന് ബാദ്ധ്യതയുണ്ട്. ബന്ധപ്പെട്ടവർ ഉത്തരവാദിത്വത്തിൽ നിന്നും ഒഴിഞ്ഞു മാറുമ്പോൾ പ്രശ്നങ്ങൾ ആരംഭിക്കുന്നു. ഭാര്യാ ഭർത്താക്കന്മാർ തമ്മിലുള്ള അപസ്വരവും പോരാട്ട മനോഭാവവും വിവിധ പ്രശ്നങ്ങളാക്കി കോടതികളിൽ കയറിയിറങ്ങുന്നു. ബന്ധം ബന്ധനമാക്കി ജീവിതം നിയമ തുലാസിൽ കുരുക്കുന്നു!

കുടുംബ പ്രശ്നങ്ങളിൽ നിയമ വിദഗ്ധോപദേശങ്ങളും അനുരഞ്ജന ശ്രമങ്ങളും അനിവാര്യമാണ്. കോടതി കയറുന്നതിന് മുമ്പ് പ്രശ്നങ്ങൾ പരിഹരിക്കപ്പെടുന്നതിനുള്ള സാദ്ധ്യതകളും അന്വേഷണങ്ങൾക്കുമുള്ള കൗൺസലിംങ്ങും അത്യാവശ്യമാണ്. ഇരുകക്ഷികളേയും വരുത്തി ഉപദേശിക്കുകയും ഗുണദോഷിക്കുകയും ചെയ്യുന്ന സമ്പ്രദായം (*Counselling*) ഫലപ്രദമാക്കുവാൻ കഴിയണം. കുടുംബ കോടതിയുടെ ലക്ഷ്യങ്ങളിൽ ഒന്നാണിത്. ദാമ്പത്യ ബന്ധത്തിലെ ശിഥിലീകരണവും വ്യവഹാരവും രമ്യതയിലും അനുരഞ്ജനത്തിലും എത്തിക്കുന്ന പ്രഥമ ദൗത്യം ഇന്നു കുടുംബ കോടതികൾക്ക് നഷ്ടപ്പെടുന്നു. കുടുംബ കോടതികളിൽ ഫയൽ ചെയ്യുന്ന കേസുകളിൽ 90 ശതമാനവും വിവാഹമോചനത്തിനുള്ള സാധ്യതകളാണ് അന്വേഷിക്കുന്നത്.

സാമ്പത്തിക പ്രശ്നം, അമിത മദ്യപാനം, പരബന്ധം, സംശയ രോഗം, ലൈംഗികരോഗം, സൈബർ അഡിക്ഷൻ, മാനസികരോഗം, ആത്മഹത്യാ പ്രവണത തുടങ്ങിയവ വിവാഹമോചനത്തിനുള്ള മുഖ്യപ്രശ്നങ്ങളായി കുടുംബ കോടതികളിലെ കേസുകളിൽ എത്തിച്ചേരുന്നു. കുടുംബ ബന്ധങ്ങളെ ശക്തീകരിക്കുവാനുള്ള കുടുംബ കോടതി കുടുംബ ശിഥിലീകരണത്തിന്റെ പാതയിലാണ്. വിവാഹമോചനം ആവശ്യപ്പെടുകയും കൗൺസലിങ്ങിലൂടെയുള്ള അനുരഞ്ജനത്തിന് വിധേയപ്പെടാത്തതുമായ ഒരു തലമുറ കേരളത്തിലെ കുടുംബ കോടതികളിൽ വർദ്ധിക്കുന്നു. നിയമ സാക്ഷരതയും കുടുംബ ബോധനവും നല്കുവാനുള്ള ബദൽ സംവിധാനങ്ങൾ ശക്തിപ്പെടുത്തണം.

# When I Let Go, God Took Over :
## My UPSC Story



**Reenu Mathew IFS**

*It was in 2017 that the dream of becoming an IFS officer popped in my mind. I packed my bags to St Stephen's College Delhi with the sole intention of preparing for the Civil services examination. The three years of college life was mostly spent reading, writing and immersing myself in the college library. For me, college was a crucial turning point. I learned how to critically think, how to articulate and how to communicate.*

*Three years went by and it was 2020, the year of Covid pandemic. Like everyone else, I also came back home not knowing how to restart. Slowly, I started taking online classes for UPSC preparation. The one year preparation had so many flaws. I wasted a lot of time chilling with family and friends. I couldn't complete my revision properly. Even one week before prelims, I was yet to take a full mock test. As expected, my upsc attempt was a complete disaster. But, after coming out of the exam hall, I had clarity on what went wrong and what needs to be done. After one week of desperation and overthinking, I decided to move out from my home to Trivandrum to completely focus on preparation.*

*In Trivandrum, I found a hostel, a reading room and an amazing study partner. The next 6 months were spent on solving maximum question papers, applying elimination techniques and doing repeated revision. This time we (me and my study partner) were sure of clearing prelims.*

*The results came. I cleared and my study partner didn't. Now, the preparation for mains started. It was a phase that required a substantial amount of physical and mental strength. The mains exam demands an aspirant to write 50 pages under 3 hrs and there are nine such papers in total. One has to write as fast as possible just to fill the pages. My mains preparation involved me writing answers from morning till evening. This intense practice left a small swelling in my right hand and I wrote the exam with a Band aid. Coming out of the exam hall, I had my hopes high. Without wasting any time, under 1 week, I started preparing for the next stage.ie. interview.*

*Results came after 2 months. I didn't clear the mains exam. I cross checked the results multiple times out of disbelief. Slowly, I accepted the reality and geared up for the next year's prelims exam.*

*I was desperate to clear the exam this time. I started studying from morning 4.30 till evening 7.30. I solved maximum question papers, did multiple rounds of revisions and confidently entered the exam hall. But, things didn't turn out the way I expected. I knew answers to only 10 questions out of the total 100. Exiting from the exam hall, I was sure of not clearing the exam.*

*This time I hit the rock bottom. I didn't have the courage to bounce back. I decided to give up on the dream of IFS forever.*

*Slowly, I started preparing for other exams like RBI Grade B, NABARD, CDS etc. Not even a day went by without thinking about my past failures. During this period, I started working part time as an Economics teacher.*

*One year passed very quickly amidst teaching and exam preparation. It was 2024 and UPSC released the notification for the latest prelims. I simply applied even though I haven't prepared for the exam for the last one year. With little to no preparation, I went for the prelims exam on 16th of June 2024. I had zero hopes this time. I opened the question paper and to my surprise, I knew 50 questions with surety. Coming out of the exam hall, my hopes on clearing the exam came back.*

*Results came after two weeks and I had cleared the prelims. I thought of a quote: ' You might forget your dreams, but God would not'. I was sure that this result was a way of God telling me not to give up and fight again.*

*With heightened enthusiasm, I started preparing for mains. Rigorous answer writing, brainstorming, framework structuring filled my 3 months of preparation. Before entering the exam hall , I said to myself - I have given my best and now it's totally up to God.*

*This time when the mains results came, I immediately rushed to the nearest church and thanked God for the signs and blessings.*

*Then started the best stage of UPSC preparation- interview stage. It involved a lot of group discussions, mock interviews and other speaking exercises. Soon, I packed my bags to Delhi for the real interview. It was after a gap of 5 years that I was visiting Delhi again. It was a place where I started UPSC preparation and a lot of memories started flooding my mind. Somehow, it felt like a moment of completion.*

*My interview felt more like a conversation that I usually have with my grandparents. I smiled throughout the interview and confidently answered all the questions.*

*Then began the phase of accelerated heartbeats and continuous prayers. I kept saying the Bible verse.' God has a plan and it is to prosper you and not to harm you'.*

*Finally on April 22 nd, 2025, the final results came and I saw my name against rank 81. The moment still feels surreal. Thousands of messages and hundreds of calls started flooding in and it hasn't stopped yet.*

*Looking back, the journey was indeed tough and tiring, but the result made it worth fighting.*

# Central Committee 2025 -28


H.G.Dr.Geevarghese Mar Yulios
Metropolitan - President


Fr. Jain C. Mathew
Vice President


Fr. Viju Elias
General Secretary


Renju M. Joy
Treasurer


Fr. Luke Babu
Cheif Editor


Robin Jo Varghese
Publisher


Aneesh Jacob
Editorial Board Member


Gheves Markose
Editorial Board Member

## REGIONAL SECRETARIES


Rijan Yohannan
TVM , Kollam , Kottarakara


Gince Jacob Philip
Adoor–Kadampanad, Thumpamon, Nilakal


Abu Abraham
Mavelikara, Chengannur, Niranam


Danni Raju
Kottayam, Kottayam Central, Idukki


Eldho Prince
Kandanad (W), Kandanad (E), Angamali


Basil Shaju
Kochi, Kunnamkulam, Thrissur


Dr.Nithin Kuriakose
Malabar, Sulthan Bathery, Brahmavar


Robin Raju
Out Side Kerala


Sheeha John (Germany)


Nihal Paul Idiculla (South Africa)


Dr.Aneesh Thomas (UK & Ireland Zone)



Nibin Babu Nallavettil
Ex.Com.Member
Gen.Sec.- Mavelikara



Treeshma Titus
Ex.Com.Member



Jijo George
Ex.Com.Member



Eldhose George
Ex.Com.Member
Gen.Sec.- Kandanad (W)



.Aju Jacob
Ex.Com.Member
Gen.Sec.- Idukki



Nikhil Yohannan
Committee Member



Nikhil K.Joy
Committee Member



Nameesh Raju
Committee Member



Rohit K. John
Committee Member



Josely Mariam Jose
Committee Member



Adv. Neha Mathew
Committee Member



Pearl Kanneth
Committee Member



Ashwin V. Reji
Committee Member



Jogi Jacob
Committee Member



Sneha Saji
Committee Member



Elizabeth Joseph
Committee Member



Alan Daniel
Auditor



Jenson Abraham Saji
Auditor

## Diocese Secretaries



Adv. Rohit John Varghese
Thiruvanathapuram



Jaison G. Jacob
Kottarakkara- Punalur



Liju Thomas
Kollam



Sobin Soman
Adoor-Kadapanadu



Nithin Manakkattumannil
Thumpamon



Harold Easow
Nilackal



Aprem Kunnil
Chenganoor



Renoj George Gevaris
Niaranam



Cyril Mathew
Kottayam



George Kurian
Kottayam Central



Elson Kuriakose
Kandanad (E)



Alexander Biju Issac
Angamaly



Shais AJ
Kochi



Binto C. Kurian
Thrissur



Geo.K.Wilson
Kunnamkulam



Joshi Jose
Malabar



Reni Anna Philip
Sulthan Battery



Abin Jacob
Brahmavar



Abishek John
Ahmedabad



Dr.Aippuru John
Culcutta



Lalu P. Scaria
Chennai



Robin Raju
Mumbai



Rijo Varghese
Delhi



Jerrin James
Bangalore



.Rajin V.Poulson
UK Europe & Africa



Emil Kuruvilla
Canada



Jibin Mathew
Asia-Pussasic



Jinu Abraham
Special Invitee



Boban Kurian Chacko
Special Invitee



*best compliments*

**Tijo Thomas**
**&**
**Stephy Punnoose**







Call Us Now :

KOCHI | THIRUVALLA | KOTTAYAM

+91 9633 96 6024 | +91 8848 56 4727

HEAVENLY TASTE
CATERS & EVENT MAKERS
heavenly taste caters



# മലങ്കര സഭയുടെ രക്തസാക്ഷികൾ



പരമ്പര 1

സഖറിയാ പെരുമ്പടവം

ക്രിസ്തുവിനുവേണ്ടി സ്വപ്രാണനെ നല്കിയവരാണ് സഹദേന്മാർ. പൂർവ്വകാലം മുതൽക്കേ സഹദേന്മാരുടെ ചരിത്രവും ചരിതവും നാം പഠിക്കാറുണ്ട്. മലങ്കര സഭയുടെ സ്വയംശീർഷകത്വത്തിന്റെയും സ്വാതന്ത്ര്യത്തിന്റെയും ചരിത്രത്തിന് പിന്നിൽ വിശ്വാസികളുടെ ധീരോദാത്തമായ പോരാട്ടങ്ങളുടെയും സഹനത്തിന്റെയും ഒരിക്കലും വിസ്മരിക്കാനാവാത്ത ചരിതവും ചരിത്രവുമുണ്ട്. *കൊണ്ടും കൊടുത്തും* വളർന്നു വന്ന നസ്രാണി സമൂഹത്തെ *വിശ്വാസവിധേയത്വം* എന്ന മലർപ്പൊടികാണിച്ച്; അടിമത്വത്തിന്റെ കൂച്ച് വിലങ്ങിട്ട് തളയ്ക്കാൻ ശ്രമിച്ച റോമാപ്പടയോടും സിറിയാപ്പടയോടും ക്രിസ്തുവിൽ ജനിപ്പിച്ച മാർത്തോമ്മായുടെ മാർഗ്ഗവും വഴിപാടും മാത്രം ആശ്രയമാക്കി പോരാടി തന്നെ നേടിയെടുത്ത മലയാങ്കരയുടെ നസ്രാണി വീരചരിതം ഇന്നും കാലികപ്രസക്തമാണ്. *ലബനോൻ താഴ്‌വാരങ്ങളിൽ നിന്ന് രാത്രികാലങ്ങളിൽ ലഭിക്കുന്ന സ്ഥാനമാനമേനികൾകൊണ്ട്* ഈ ചരിതം തിരുത്തിക്കുറിക്കുവാൻ സാദ്ധ്യമല്ല എന്നത് സുവ്യക്തമാണ്. ആനുകാലികമായി നടക്കുന്ന വാഴ്ത്തുപാട്ടുകളും സ്ഥാനലബ്ധികളും *മർക്കട ഗർദ്ദഭ ന്യായം* കണക്കു മാത്രമാണെന്നത് ഏറെ വൈകാതെ തന്നെ സമൂഹം തിരിച്ചറിയും. കാരണം; മാർത്തോമ്മായുടെ മലങ്കരയിലെ മാർഗ്ഗത്തിന് ക്രിസ്തുതുല്യം ബലിയായ സത്യവിശ്വാസികളുടെ രക്തം ഈ സഭയ്ക്കുവേണ്ടി നിൽക്കുന്നുണ്ട് എന്നതുതന്നെയാണ്.

പ.സഭയുടെ ഒപ്പം നിന്നതിന്റെ പേരിൽ സഭയുടെ സ്വാതന്ത്ര്യവും നിലപാടുകളും അടിയറവയ്ക്കാൻ തയ്യാറാകാത്തതിന്റെ പേരിൽ മനഃപൂർവ്വവും അല്ലാത്തതുമായ നരഹത്യയ്ക്ക് വിധേയമാകേണ്ടിവന്ന നിരവധി രക്തസാക്ഷികൾ സഭാ ചരിത്രത്തിൽ ഉണ്ടായിട്ടുണ്ട്. അവരോടൊപ്പം അക്രമിക്കപ്പെട്ടവരും ഒറ്റപ്പെട്ടവരും കുറവല്ല. ഇന്നും ഒരുതരത്തിൽ അല്ലെങ്കിൽ മറ്റൊരു തരത്തിൽ ഈ അക്രമണങ്ങൾ തുടർന്നുകൊണ്ടേയിരിക്കുന്നു. ***വർക്കി ആശാൻ (ആനപാപ്പി), പൊനോടത്ത് മത്തായി കത്തനാർ, ചാലിൽ കോര, ചേപ്പാട്ട് കൊച്ചുണ്ണൂണ്ണി, കടമറ്റം ഓനൻകുഞ്ഞ്, തോട്ടപ്പാട്ട് കുര്യാക്കോസ്, മലങ്കര വർഗീസ്*** തുടങ്ങിയവർ വിഘടിത വിഭാഗത്താൽ സഹദാമരണം പ്രാപിച്ചവരാണ്. ഇവരെകൂടാതെ അറിയപ്പെടാത്തവരും ഇക്കൂട്ടത്തിൽ ഉണ്ട് എന്നത് വിസ്മരിക്കുന്നില്ല. *കക്ഷിത്വം എന്ന യക്ഷിയുടെ* ദംഷ്ട്രയേറ്റ് രക്തം പൊടിഞ്ഞവരെയും പീഢയേറ്റവരെയും ഇത്തരുണത്തിൽ സ്മരിക്കുന്നു. മലങ്കരയുടെ സഹദേന്മാരുടെ ജീവിതത്തിലൂടെ ഒന്നു യാത്ര ചെയ്യാം.

## തിരുവല്ല കാരയ്ക്കൽ വർക്കി വർഗീസ് എന്ന ആനപാപ്പി

മലങ്കര സഭാ ഭാസുരൻ പ. വട്ടശ്ശേരിൽ തിരുമേനിയുടെ അംഗരക്ഷകനായിരുന്ന വർക്കി വർഗീസ് എന്ന ആനപ്പാപ്പിയുടെ ജീവിതം നമ്മുടെ ഹൃദയത്തെ എന്നും വേദനിപ്പിക്കുന്നതാണ്. തിരുവല്ലായ്ക്ക് സമീപം പെരിങ്ങരക്കരയിൽ കാരയ്ക്കൽ സെന്റ് ജോർജ്ജ് ദേവാലയത്തിനു സമീപമുള്ള പണിക്കരുവീട്ടിൽ വർക്കി ആശാന്റെയും കാരയ്ക്കൽ ചക്കുംവീട്ടിൽ മറിയാമ്മയുടെയും ഏക മകൻ വർക്കി വർഗ്ഗീസ് എന്ന ആനപ്പാപ്പി പ.സഭയോടുള്ള സ്നേഹം മൂലവും ശ്രീ. കെ. എം.മാമ്മൻ മാപ്പിള, ശ്രീ.കെ.സി. ഈപ്പൻ, വന്ദ്യ. ദിവ്യശ്രീ. പി.റ്റി.ഗീവർഗ്ഗീസ് കത്തനാർ തുടങ്ങിയ പ്രഗത്ഭ വ്യക്തിത്വങ്ങളുടെ പ്രേരണയാലും പ്രതിസന്ധികളിലൂടെ സഭയെ നയിച്ച പ. വട്ടശ്ശേരിൽ തിരുമേനിയുടെ അംഗരക്ഷകരിൽ പ്രധാനിയായി നിയോഗിക്കപ്പെടുകയാണുണ്ടായത്.

അഭ്യസ്തവിദ്യനും ആയോധനകലയിൽ വിദഗ്ദ്ധനും അദ്ധ്യാപകനും സഭാസ്നേഹിയും അസാമാന്യ മല്ലനുമായിരുന്ന വർക്കി വർഗ്ഗീസിനെ (ആനപ്പാപ്പിയെ) വധിച്ചില്ലെങ്കിൽ പ.വട്ടശ്ശേരിൽ തിരുമേനിയെ ഇല്ലായ്മ ചെയ്യുവാൻ സാധിക്കുകയില്ല എന്ന ചിന്തയാണ് കൊലയാളികളെയും കൊലയാളികൾക്ക് ക്വട്ടേഷൻ കൊടുത്ത പാത്രിയർക്കീസ് അനുകൂലികളെയും ഭരിച്ചിരുന്നത്. അതിന്റെ പരിണിതഫലമാണ് കേവലം മുപ്പത്തിയഞ്ചു വയസ്സു മാത്രം പ്രായമുള്ള ആന

പ്പാപ്പി ചതിപ്രയോഗത്തിൽ ക്രൂരമായി കൊല്ലപ്പെട്ട ത്.

*'ആനപ്പാപ്പി'* എന്ന ഓമനപ്പേരിൽ അറിയപ്പെടുന്ന ആശാൻ വർക്കി വറുഗീസ്, തിരുവല്ലയ്ക്കടുത്ത് പെരിങ്ങരക്കരയിൽ കാരയ്ക്കൽ സെന്റ് ജോർജ് പള്ളിക്കടുത്തുള്ള പണിക്കരുവീട്ടിൽ വർക്കി ആശാന്റെയും കാരയ്ക്കൽ ചക്കുംവീട്ടിൽ മറിയാമ്മയുടെയും ഏക പുത്രനായി ജനിച്ചു. ആനപാപ്പിയുടെ ജനനത്തീയതി ലഭിക്കാൻ ചരിത്രകാരന്മാർ പലരും ശ്രമിച്ചിട്ടുണ്ടെങ്കിലും അവർ വിജയിച്ചില്ല. പേരു പോലെ തന്നെ ശരീരപ്രകാരം ആജാനുബാഹുവായിരുന്നു വർക്കി വർഗീസ്. വധഭീഷണി നേരിട്ടുകൊണ്ടിരുന്ന മലങ്കരസഭാ ഭാസുരൻ വട്ടശ്ശേരിൽ ഗീവറുഗീസ് മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്തായുടെ ദേഹരക്ഷയ്ക്കുവേണ്ടി തിരുവല്ലയിലെ സമുദായപ്രമാണികൾ, നിയോഗിച്ച അഭ്യസ്തവിദ്യനും സഭാസ്നേഹിയുമായ മല്ലനാണെന്ന് ചരിത്രം സാക്ഷിക്കുന്നു. എന്നാൽ പാപ്പി 35-ാം വയസ്സിൽ കൊല്ലവർഷം 1087 മീനം 10 (1912 മാർച്ച്) കൊല്ലപ്പെട്ടു എന്നും പിറ്റേദിവസം ഒരു തിങ്കളാഴ്ച എന്നുമുള്ള കാര്യത്തിൽ ആർക്കും തന്നെ തർക്കമില്ല. അദ്ദേഹത്തിന്റെ മൃതശരീരം കോട്ടയം ചെറിയപള്ളി സെമിത്തേരിയിൽ കബറടക്കി. അടുത്ത കാലത്ത് അവിടെ അദ്ദേഹത്തിന്റെ നാമത്തിൽ ഒരു സ്മാരക ശിലാഫലം സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്.

മെട്രിക്കുലേഷൻ വരെ (എസ്.എസ്.എൽ.സി.) പഠിച്ച പാപ്പി പിതാവിനെപ്പോലെയും പിതാമഹനെപ്പോലെയും ഒരദ്ധ്യാപകനായിട്ടാണ് ജീവിതമാരംഭിച്ചത്. കല്ലൂപ്പാറയ്ക്കടുത്തുള്ള ഗവ.എൽ.പി. സ്കൂളിലാണ ദ്ദേഹം അദ്ധ്യാപകനായിരുന്നത്. സാമാന്യം ഭേദപ്പെട്ട നിലയിൽ സമ്പത്തുണ്ടായിരുന്നതിനാൽ പാപ്പി ആശാന്റെ സാമ്പത്തികനില മെച്ചമായിരുന്നു. തന്നിമിത്തം അന്നത്തെ പ്രതാപത്തിന്റെ ഒരു പ്രകടനം കൂടിയായിരുന്നു അദ്ദേഹത്തിന്റെ ജീവിത രീതി. പാപ്പിയുടെ സഹോദരി അന്നമ്മയെ ചെങ്ങന്നൂരിലെ പ്രശസ്തമായ ഇഞ്ചയ്ക്കലോടി കുടുംബത്തിലെ കൊച്ചുകുഞ്ഞാണ് വിവാഹം ചെയ്തത്. പെരിങ്ങര ആറ്റുപുറത്ത് കുടുംബത്തിലെ അന്നമ്മയെയാണ് പാപ്പി വിവാഹം ചെയ്തത്. ഭാര്യവീട്ടുകാർ ആറ്റുപുറം സ്ഥലം വിൽക്കാനൊരുങ്ങിയപ്പോൾ മറ്റാർക്കും കൊടുക്കാതെ പാപ്പി ആശാൻ കാരയ്ക്കലെ സ്ഥലം വിറ്റ് ആ സ്ഥലം വാങ്ങി അവിടെ താമസിക്കുകയാണുണ്ടായത്. അങ്ങനെയാണ് പെരിങ്ങരയിൽ നിന്ന് ആറ്റുപുറത്തു വരുന്നതും ആറ്റുപുറത്ത് പാപ്പി ആശാനാകുന്നതും.

പാപ്പിക്ക് തിരുവിതാംകൂർ ഗവൺമെന്റിന്റെ എക്സൈസ് വകുപ്പിൽ റേഞ്ചർ ഉദ്യോഗം നൽകിക്കൊണ്ടുള്ള ഉത്തരവു കിട്ടിയശേഷമാണ് സർവീസിൽ ചേരാതെ കോട്ടയത്തേക്കു പോയതെന്നും ചരിത്രത്തിൽ രേഖപ്പെടുത്തിയിരിക്കുന്നു. വട്ടശ്ശേരിൽ ഗീവറുഗീസ് മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്തായെ പാത്രിയർക്കീസ് കക്ഷികൾ പലവിധത്തിൽ ദ്രോഹിക്കുന്നു എന്ന വാർത്ത ലഭിച്ചതിനെ തുടർന്ന് തിരുവല്ല, നിരണം, മാവേലിക്കര മുതലായ തെക്കൻ ഇടവകകളിൽ നിന്ന് പലരും പഴയ സെമിനാരിയിൽ ഒത്തു ചേരുകയും മേലിൽ ശല്യമുണ്ടാക്കാതിരിക്കാൻ ചിലരെ അവിടെ കാവൽക്കാരായി നിയോഗിക്കുകയും ചെയ്തു. തിരുവല്ലയിൽ നിന്ന് നിയോഗിക്കപ്പെട്ടവരിൽ ഒരാളായിരുന്നു ആനപ്പാപ്പി; അദ്ദേഹത്തെ അയച്ചതു കെ. എം. മാമ്മൻ മാപ്പിള (കൊച്ചു മാമ്മൻ വക്കീൽ) ആയിരുന്നു എന്ന് വട്ടിപ്പണക്കേസിൽ മൊഴി കൊടുത്തിട്ടുണ്ട്. എന്നാൽ ഇതു സംബന്ധിച്ച കാര്യത്തിന് നേതൃത്വം നൽകിയത് *കേരള ദീനബന്ധു* എന്ന് വിശേഷിപ്പിക്കപ്പെടുന്ന കെ.സി. ഈപ്പനാണ്. പാപ്പിയെ കോട്ടയത്തേക്ക് പറഞ്ഞുവിടുമ്പോൾ പാപ്പിയുടെ കഴുത്തിൽ ഒരു കസവു കവണി കൊണ്ട് പൊന്നാട ചുറ്റി അനുമോദിച്ചതും കെ. സി. മാമ്മൻമാപ്പിളയുടെ സഹോദരനായ കെ. സി. ഈപ്പനാണ്. വട്ടശ്ശേരിൽ തിരുമേനിയുടെ സെക്രട്ടറിയായിരുന്ന ദിവ്യശ്രീ മണലിൽ യാക്കോബ് കത്തനാർ 1992-ൽ അഡ്വ.പി.സി. മാത്യുവിന് അയച്ചുകൊടുത്ത ഒരു കത്തിൽ *"സെമിനാരിയിൽ എതിർ കക്ഷികൾ വഴക്കുണ്ടാക്കിയും ചില കേഡികളായ മുഹമ്മദീയർ മെത്രാപ്പോലീത്തായെ ചീത്ത പറഞ്ഞും മറ്റും ഉപദ്രവിക്കാൻ തുടങ്ങിയപ്പോൾ തിരുവല്ലാ പ്രമാണികൾ ആനപ്പാപ്പിയെ ദേഹരക്ഷയ്ക്ക് കൊണ്ടുവന്നതാണ്"* എന്ന് പറഞ്ഞിട്ടുണ്ട്.

മലങ്കരസഭയുടെ സ്വത്വവും സ്വാതന്ത്ര്യവും അബ്ദള്ളാ പാത്രിയർക്കീസിന് അടിയറവു വെയ്ക്കുന്നതു സഭയെ ഒറ്റിക്കൊടുക്കുന്നതിനു തുല്യമാണെന്ന ബോധ്യം വട്ടശ്ശേരിൽ തിരുമേനിയ്ക്കു ഉണ്ടായിരുന്നു. മലങ്കരസഭയിലെ ശക്തമായ ഒരു വിഭാഗം അബ്ദള്ളായുടെ ധനസമ്പാദന രീതികളോടും സഭയിൽ ശൈഥില്യമുണ്ടാക്കുന്ന പ്രവൃത്തികളോടും എതിർപ്പ് ഉയർത്തിയപ്പോൾ മറ്റൊരു വിഭാഗം പാത്രിയർക്കീസിനെ പിന്തുണയ്ക്കുവാൻ തയ്യാറായി. മലങ്കരസഭ ഇതു മൂലം രണ്ടായി പിളർന്നു കക്ഷി മാത്സര്യത്തിന്റെ മൂർദ്ധന്യത്തിലേക്ക് പ്രവേശിച്ചു. പഴയസെമിനാരിയായിരുന്നു മലങ്കര മെത്രാപ്പോലീത്തായുടെ ആസ്ഥാനം. സഭയുടെ പ്രധാന സെമിനാരിയെന്ന നിലയിലുള്ള മഹിമാസ്ഥാനത്തിനു പുറമെ സഭാകേന്ദ്രവും പഴയസെമിനാരി ആയിരുന്നു. സെമിനാരിയുടെ കൈവശം മൂന്നു ട്രസ്റ്റിമാരിലായിരുന്നു. മെത്രാപ്പോലീത്തൻ ട്രസ്റ്റിക്കെതിരെ നിലകൊണ്ടിരുന്ന വൈദിക-അത്മായ ട്രസ്റ്റിമാർ സെമിനാരി അപ്പാടെ കൈവശമാക്കുവാൻ കണ്ടുപിടിച്ച ഉപായമാണു വട്ടശ്ശേരിൽ തിരുമേനിയുടെ *മുടക്ക്.* പാത്രിയർക്കീസ്, വട്ടശ്ശേരിൽ തിരുമേനിയെ മുടക്കിയാൽ സെമിനാരി പൂർണ്ണമായും തങ്ങളുടെ മാത്രം കൂട്ടു കൈവശമാകുമെന്നു മാത്തൻ മല്പാനും അക്കരെ സി. ജെ. കുര്യനും സ്വപ്നം

കണ്ടു. ഇവരുടെ ഇംഗിതപ്രകാരം *മുടക്കു* കല്പന പുറപ്പെടുവിക്കുവാൻ പാത്രിയർക്കീസും തല്പരനായി.

സെമിനാരിയുടെ കൈവശം ആരിലായിരിക്കണമെന്നതു സംബന്ധിച്ചു അക്കാലം എക്സിക്യൂട്ടീവ് മജിസ്ട്രേറ്റു മുമ്പാകെ പോലീസ് നടപടി നടന്നു വന്നിരുന്നു. ഈ സമരി (Summary Case) നടപടിയിൽ വസ്തു കൈവശപ്പെടുത്താനുള്ള എളുപ്പവഴി കൂടിയായിരുന്നു വട്ടശ്ശേരിൽ തിരുമേനിയുടെ *മുടക്ക്.* പാത്രിയർക്കീസ് മുടക്കു കല്പന അയച്ചതിനു പിന്നാലെ സമരിക്കേസിലെ കക്ഷിവർഗ്ഗത്തിൽ നിന്നും വട്ടശ്ശേരിൽ തിരുമേനിയെ ഒഴിവാക്കുവാൻ വൈദിക-അത്മായ ട്രസ്റ്റിമാർ അപേക്ഷ നൽകി. എന്നാൽ, കോട്ടയം ഡിവിഷൻ ഒന്നാം ക്ലാസ്സ് മജിസ്ട്രേറ്റ്, മെത്രാപ്പോലീത്തായുടെ തനതായ കൈവശം ഉറപ്പിച്ചുകൊണ്ടാണു 1912-ൽ തീർപ്പു കല്പിച്ചത്. തുടർന്ന് വൈദിക-അത്മായ ട്രസ്റ്റിമാർ ഹൈക്കോടതിയിൽ നൽകിയ അപ്പീൽ അനുവദിച്ചു. പഴയസെമിനാരി മൂന്നു ട്രസ്റ്റിമാരുടെയും കൂട്ടുകൈവശമാണെന്നു ഹൈക്കോടതി വിധിച്ചു. സമരിക്കേസിലെ ഹൈക്കോടതി വിധിയെ തുടർന്നാണ് കൈയേറ്റശ്രമങ്ങളും അക്രമവും പൊട്ടിപ്പുറപ്പെട്ടത്. കോട്ടയംകാരനായിരുന്ന അത്മായ ട്രസ്റ്റി പഴയസെമിനാരിയുടെ കൈവശം ഉറപ്പിക്കുവാൻ സ്ഥലത്തെ പ്രമുഖ ചട്ടമ്പികളുടെ സഹായം തേടി. വട്ടശ്ശേരിൽ തിരുമേനിയെ വകവരുത്തുവാനുമുള്ള ശ്രമമാരംഭിച്ചു! മലങ്കര മെത്രാപ്പോലീത്തായ്ക്ക് അംഗരക്ഷകർ അനിവാര്യമായി. ഇക്കാര്യത്തിലേക്കു നിയോഗിക്കപ്പെട്ട പ്രധാനയാളാണ് *ആനപ്പാപ്പി*യെന്ന വർക്കിയാശാൻ.

ദൃഢകായനും കർമ്മചൈതന്യ ധന്യനും ധൈര്യവാനും ആയിരുന്ന പാപ്പിയെ വധിച്ചെങ്കിൽ മാത്രമേ, വട്ടശ്ശേരിൽ തിരുമേനിയുടെ ദേഹരക്ഷാർത്ഥം നിയോഗിക്കപ്പെട്ടിരിക്കുന്നവരെ പേടിപ്പിക്കാനും പിടിക്കാനും അടിച്ചോടിക്കാനും ഒറ്റപ്പെടുത്താനും ഒടുവിൽ സെമിനാരി പിടിച്ചെടുക്കാനും സാധിക്കുകയുള്ളു എന്നു വേണ്ടവിധത്തിൽ മുൻ കണ്ടു കൊണ്ടാണ് ദൈവനിഷേധികളും ആൾബലവും അർത്ഥവും അധികാരസ്ഥാനങ്ങളിൽ നല്ല പിടിപാടും ഉണ്ടായിരുന്ന ചിലർ ഗൂഢാലോചന നടത്തി പാപ്പിയെ 1912 ഏപ്രിൽ 1 തിങ്കളാഴ്ച്ച പട്ടാപ്പകൽ നദിയുടെ അക്കരെ നിന്നു വന്നു വെട്ടിക്കൊലപ്പെടുത്തിയത്. കൃത്യമായി പറഞ്ഞാൽ *തിരുവല്ലാ നെടുമ്പ്രം പ്രവൃത്തിയിൽ പെരിങ്ങര മുറിയിൽ ആറ്റുപുറത്തു താമസിക്കും പാപ്പി എന്നു വിളിക്കുന്ന വർക്കി വറുഗീസിനെ 1087-ാമാണ്ട് മീനമാസം 18-ാം തീയതി വൈകി ഉദ്ദേശം 6 മണി സമയത്ത് കോട്ടയം ഗോവിന്ദപുരം കരയിൽ പഴയ സെമിനാരിയ്ക്ക് വടക്കുവശം ഉള്ള മീനച്ചിലാറ്റിൽ മണപ്പുറത്ത് വച്ച് മരണം വരത്തക്ക പരുക്കുകൾ ഏൽപിക്കണമെന്നുള്ള പൊതുവായ വിചാരത്തോടുകൂടി 1 മുതൽ 17 വരെ പ്രതികൾ ന്യായരഹിതമായി സംഘം ചേർന്ന് വടി, വടിവാൾ, ഉലക്ക മുതലായ ആയുധങ്ങൾ ധരിച്ചവരായി പാപ്പിയുടെ മരണം വരുവാൻ ഇടയുണ്ടെന്നുള്ള അറിവോടുകൂടി വിചാരപൂർവ്വം പാപ്പിയുടെ തലയിലും ദേഹത്തും വടി, ഉലക്ക ഇവ കൊണ്ട് അടിച്ചും, ഇടിച്ചും വാൾ കൊണ്ട് കുത്തിയും പരുക്കേൽപ്പിച്ചു കൊന്നു* (പോലീസ് എഫ്. ഐ.ആർ).

ആനപാപ്പിക്കുരുതി എന്ന തലവാചകത്തിൽ പാറേട്ട് രേഖപ്പെടുത്തിയിരിക്കുന്നത് ഇപ്രകാരമാണ്; *1087 മീനം 18-ാം തീയതിയാണ് ആനപാപ്പി എന്ന അപരാഭിധാനത്തിന് അർഹനായിരുന്ന തിരുവല്ലാ പെരിങ്ങര ആറ്റുപുറത്തു വർക്കി വറുഗീസ് എന്ന മഹാമല്ലൻ സെമിനാരി മണൽ പുറത്തു വച്ച് കുരുതി കഴിക്കപ്പെട്ടത്. അക്കാലത്തു മലങ്കര സമുദായ കാര്യങ്ങളിൽ ഫാ.പി.റ്റി.ഗീവറുഗീസ് അതീവതല്പരനായിരുന്നു. എല്ലാ ആലോചനകളിലും യുവസഹജമായ ഉത്സാഹത്തോടെ അദ്ദേഹം പങ്കെടുത്തുകൊണ്ടിരുന്നു. മലങ്കരസഭ ഉപേക്ഷിച്ച്, ആത്മരക്ഷയ്ക്കല്ലാ, പരിപൂർണ്ണതയ്ക്കു വേണ്ടി (ഇത് അദ്ദേഹം നേരിട്ടു പറഞ്ഞതാണ്) റോമാസഭയിൽ ചേരുന്നതിനുള്ള ഒരുക്കങ്ങൾ നടത്തിക്കൊണ്ടിരിക്കവെ എഴുതിയ ഗിരിദീപത്തിൽ പറയുന്നു:- 'അങ്ങനെ ഒരു കൊലപാതകം അവിടെ നടന്നില്ലായിരുന്നുവെങ്കിൽ എന്നത്രെ വായനക്കാർ ഇപ്പോൾ ആലോചിച്ചു നോക്കേണ്ടിയിരിക്കുന്നത്. ഭയങ്കരങ്ങളും അനിർവാച്യങ്ങളുമായ പലത് അവിടെ സംഭവിക്കാൻ ഇടയുണ്ടായിരുന്നു. പഴയ സെമിനാരിയുടെ മുറ്റം മനുഷ്യരക്തം കുടിച്ചതിനാൽ മാത്രം പിന്നെയൊന്നും അവിടെ നടന്നില്ല. സുറിയാനി സമുദായത്തിനു കുറെക്കാലമായി ഉണ്ടായിരുന്ന ദാഹം അതിനായിരുന്നു എന്ന് ഏവർക്കും ബോദ്ധ്യമായി. ...'*

*അതെ, ആനപാപ്പിയുടെ രക്തം അന്നത്തെ കലി ഇറക്കി. സ്വന്തം രക്തം ചിന്തി സ്വസമുദായത്തിൽ കുറെകാലമായി പ്രത്യക്ഷപ്പെട്ടുകൊണ്ടിരുന്ന കോലാഹല കലാപത്തിന് അന്ത്യം കുറിച്ച രാക്ഷസതുല്യ ശരീരനായിരുന്ന ആനപാപ്പി എന്ന വറുഗീസിന് രക്തസാക്ഷി സ്ഥാനം അക്ഷരാർത്ഥത്തിൽ എങ്കിലും അനുയോജ്യമാണല്ലൊ. ആനപാപ്പിയുടെ അസാധാരണ ശരീരത്തെപ്പറ്റി അയാളെ മരണവക്ത്രത്തിൽപ്പെട്ട് ആശുപത്രിയിൽ കൊണ്ടുചെന്നശേഷം മാത്രം കണ്ട മെഡിക്കൽ ഓഫീസർ ഡോ.ഡയസ്, ആ കൊലക്കേസിൽ 21-ാം സാക്ഷിയായി മൊഴി കൊടുത്തപ്പോൾ പറഞ്ഞു:- മരിച്ച വറുഗീസ് ഒരു മല്ലനും അസാധാരണ ശക്തനും ആയിരുന്നു. അയാളുടെ ശരീരത്തോളം വലിപ്പവും സംപുഷ്ടവും ആയ ശരീരമുള്ളവരെ എന്റെ ആയുസ്സിൽ വളരെ ചുരുക്കമായിട്ടെ കണ്ടിട്ടുള്ളു.*

ആനപാപ്പി കേസിൽ പരിശുദ്ധ വട്ടശ്ശേരിൽ തിരുമേനിയുടെ സാക്ഷിമൊഴികളും ഏറെ ശ്രദ്ധേയമാണ്...

*ഞാൻ കോട്ടയം സുറിയാനി സെമിനാരിയിൽ സ്ഥിരമായിട്ട് ഉദ്ദേശം നാലു കൊല്ലമായി താമസിക്കുന്നു. മരിച്ച പാപ്പിയെ അറിയും. ചിലരുടെ ദുരാലോചനയിന്മേൽ ഏതാനും ആളുകൾ കൂടി തല്ലിയും, കുത്തിയും ടി പാപ്പിയെ അപായപ്പെടുത്തി എന്നാണ് എന്റെ അറിവ്. സെമിനാരിയുടെ വടക്കുവശത്തുള്ള മണപ്പുറത്തു വച്ചാണ് അങ്ങനെ ഉണ്ടായത്. പാപ്പി തിരുവല്ലാക്കാരനാണ്. എന്റെ ദേഹരക്ഷയ്ക്കായിട്ടാണ് പാപ്പി കോട്ടയത്തേക്കു വന്നത്. തിരുവല്ലാ പള്ളിക്കാരാണ് അവനെ അയച്ചത്. ദേഹരക്ഷയ്ക്കായി ആദ്യം വന്നത് കുംഭ മാസം ഒടുവിലാണ്. പത്തു പതിനഞ്ചു ദിവസം അവിടെ താമസിച്ചും വച്ച് അവന്റെ വീട്ടിലേക്കു പോയി. പിന്നെ പാപ്പി വീണ്ടും വന്നത് കൃത്യദിവസം അഞ്ചാറു നാഴിക പുലർന്നതിന്റെ ശേഷമാണ്. ദേഹരക്ഷയ്ക്കായി പാപ്പിയെ കൂടാതെ വേറെ ആളുകളും ഉണ്ടായിരുന്നു...*

1912 ഏപ്രിൽ 3 ബുധനാഴ്ച മലയാള മനോരമയിൽ വന്ന റിപ്പോർട്ട് ഈ കൊലപാതകത്തിന്റെ വിശദവിവരങ്ങൾ ലോകത്തെ അറിയിച്ചു. *മലങ്കര ഇടവകയുടെ മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്താ അവർകളുടെ കൂടെ താമസിച്ചിരുന്ന വർക്കി എന്നൊരാളെ ഈ കഴിഞ്ഞ ശനിയാഴ്ച വൈകുന്നേരം ഏകദേശം അഞ്ചു മണി സമയത്ത് സെമിനാരിക്കടവിൽ വെച്ച് ഏതാനും ചില മുഹമ്മദീയരും മറ്റും കൂടി കഠിനമായി തലതല്ലിപ്പൊളിച്ച് ആസന്ന മരണനാക്കിത്തീർക്കുകയും, അതു നിമിത്തം അയാൾ അടുത്ത ദിവസം ആശുപത്രിയിൽ വെച്ച് മരിച്ചുപോകുകയും ചെയ്തതായ ദുസ്സഹഭയങ്കര വർത്തമാനം ഏതൊരു മനുഷ്യഹൃദയത്തെയും അത്യധികം വേദനപ്പെടുത്താതെയിരിക്കുന്നതല്ല. സെമിനാരിയിലുള്ള ആളുകൾ വൈകുന്നേരത്തെ നമസ്കാരത്തിനു പ്രവേശിച്ച സമയം ദാഹാതുരനായ വർക്കി ശങ്കാരഹിതം നിസ്സഹായനായി അടുത്തുള്ള ചായക്കടയിൽ പോയിരുന്ന അവസരത്തിൽ ആണ് പതിയിരുന്നവർ ചതിവായി തല തല്ലിപ്പൊളിച്ച് അവശനാക്കുകയും മരിക്കത്തക്കവിധം ദേഹദണ്ഡം ഏൽപ്പിക്കുകയും ചെയ്തതെന്നറിയുമ്പോൾ, ഈ കൃത്യത്തിന്റെ കാഠിന്യം എത്രമാത്രമാണെന്ന് ഊഹിക്കാമല്ലോ. ആശുപത്രിയിൽ എടുത്തുകൊണ്ടുവരുമ്പോഴേക്കും വർക്കിയുടെ കഥ ഏതാണ്ട് തീർന്നുപോയി എന്നുതന്നെ പറയാമായിരുന്നു. ആ സ്ഥിതി വിചാരിച്ച് അപ്പോൾ തന്നെ അസിസ്റ്റന്റ് സർജൻ താലൂക്ക് ഒന്നാം ക്ലാസ് മജിസ്ട്രേറ്റിനെ വിവരമറിയിക്കുകയും അദ്ദേഹം തൽക്ഷണം തന്നെ സ്ഥലത്തെത്തി ആ സമയം സാധിക്കുമ്പോലെ, വർക്കിയുടെ മരണവായ്മൊഴി വാങ്ങുകയും ചെയ്കയുണ്ടായി. മരണശേഷം മുറപ്രകാരം അസിസ്റ്റന്റ് സർജൻ ശവം പരിശോധിച്ചതിൽ, വലത്തേ കാലിന്റെ കുതിഞരമ്പു വെട്ടപ്പെട്ടിരിക്കുന്നു എന്നും, തലയോടു തല്ലിപ്പൊളിഞ്ഞു പതിനൊന്നു കഷണങ്ങളായി തീർന്നിട്ടുണ്ടെന്നും അതുകൊണ്ടാണ് മരണം സംഭവിച്ചിട്ടുള്ളതെന്നും സർട്ടിഫിക്കറ്റിൽ പ്രസ്താവിച്ചിട്ടുള്ളതായി അറിയുന്നു. തിങ്കളാഴ്ച ആശുപത്രിയിൽ നിന്ന് ശവം ചെറിയപള്ളിക്കാരുടെയും മറ്റും സഹതാപ അകമ്പടിയോടുകൂടെ പുത്തൻപള്ളി ശ്മശാനത്തിൽ അടക്കം ചെയ്തുകൊണ്ട് ഇടവകക്കാരുടെ സഹതാപവും വിവശതയും അവർ പ്രദർശിപ്പിക്കുകയുണ്ടായി.*

വർക്കി വർഗീസ് എന്ന അനപാപ്പിയുടെ രക്തസാക്ഷി മരണം എക്കാലവും മലങ്കരസഭയുടെ ചരിത്രത്തിലെ ഉണങ്ങാത്ത മുറിവാണ് എന്നതിൽ തർക്കമില്ല. ഒരു വിശുദ്ധനുവേണ്ടി, തന്റെ സമുദായത്തിന് വേണ്ടി സ്വജീവനെ പകരം കൊടുത്ത ഈ ചെറുപ്പക്കാരന്റെ സമർപ്പണവും എക്കാലവും പരി. സഭ പാടി പുകഴ്ത്തും.

## ഓർത്തഡോക്സ് ക്രൈസ്തവ യുവജനപ്രസ്ഥാനം കേന്ദ്ര ജനറൽ അസംബ്ളി



പരുമല : ലഹരിക്കും അക്രമങ്ങൾക്കുമെതിരെ യുവജനങ്ങൾ കർമ്മനിരതരാക ണമെന്നും, മനുഷ്യ സമൂഹത്തെ കാർന്ന് തിന്നുന്ന ലഹരിക്കെതിരായ പോരാട്ടം തലമുറയോടുള്ള കടപ്പാട് ആണെന്നും ഡോ. യൂഹാനോൻ മാർ ക്രിസോസ്റ്റമോസ് മെത്രാപ്പോലീത്താ. ഓർത്തഡോക്സ് ക്രൈസ്തവ യുവജനപ്രസ്ഥാനം കേന്ദ്ര ജനറൽ അസംബ്ളി പരുമല സെമിനാരിയിൽ ഉദ്ഘാടനം നിർവ്വഹിക്കുകയായിരുന്നു അദ്ദേഹം. പ്രസിഡന്റ് ഡോ.ഗീവർഗീസ് മാർ യൂലിയോസ് മെത്രാപ്പോലീത്താ അദ്ധ്യക്ഷത വഹിച്ചു. വൈസ് പ്രസിഡന്റ് ഫാ.ഷിജി കോശി, ജനറൽ സെക്രട്ടറി ഫാ. വിജു ഏലിയാസ്, ട്രഷറാർ പേൾ കണ്ണേത്ത്, ഫാ. എൽദോ ഏലിയാസ്, മുൻ ജനറൽ സെക്രട്ടറി ഫാ. അജി കെ. തോമസ്, മുൻ ട്രഷറാർ ജോജി പി. തോമസ്, റിട്ടേണിംഗ് ഓഫീസർ ബിനു സാമുവേൽ എന്നിവർ പ്രസംഗിച്ചു.



# പുതിയ ചുവടുവെപ്പുമായി OCYM

## ലഹരി വിരുദ്ധ സന്ദേശ യാത്ര...





**രെഞ്ചു എം. ജോയി**
ട്രഷറാർ

മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയുടെ യുവജന വിഭാഗമായ ഓർത്തഡോക്സ് ക്രൈസ്തവ യുവജനപ്രസ്ഥാനം. സഭയുടെ ലഹരിവിരുദ്ധ പ്രവർത്തനങ്ങൾക്ക് പിന്തുണ അർപ്പിച്ചുകൊണ്ട് ഏറ്റെടുത്ത ലഹരി വിരുദ്ധ സന്ദേശയാത്ര കാസർകോട് മുതൽ തിരുവനന്തപുരം വരെ 21 ഭദ്രാസനങ്ങളിലായി 14 ജില്ലകളിലായി വിജയകരമായി പൂർത്തീകരിച്ചപ്പോൾ സഭാ ചരിത്രത്തിൽ പുതിയ ഒരു ഏട് സൂക്ഷിക്കുവാൻ ഇതുകൊണ്ട് സാധിച്ചു എന്ന് അഭിമാനത്തോടെ പറയുവാൻ സാധിക്കും.

ലഹരിവിരുദ്ധ സന്ദേശം അത് കേവലം സഭാതലത്തിൽ മാത്രം നിൽക്കാതെ പൊതുജന സമൂഹത്തിലേക്ക് ഇറങ്ങിച്ചെന്ന് വിവിധ തുറകളിൽ ഉള്ള ആളുകളുമായി സംവേദിക്കുവാനും, ആശയങ്ങൾ പങ്കുവയ്ക്കുവാനും സാധിച്ചു. കേവല ഒരു യാത്ര കൊണ്ട് ഒരു ലഹരിയും സമൂഹത്തിൽ നിന്ന് തുടച്ചുനീക്കുവാൻ സാധിക്കുകയില്ല എന്ന ഉത്തമ ബോധ്യം പ്രസ്ഥാനത്തിനുണ്ട്. എന്നാലും പ്രവർത്തന മേഖലയിൽ ഇ പ്രകാരം ഒരു ചുവടുവെപ്പ് പ്രസ്ഥാനത്തിന്റെ ഭദ്രാസന തലങ്ങൾ മുതൽ യൂണിറ്റ് തലങ്ങൾ വരെയുള്ള പ്രവർത്തകർക്കിടയിലേക്ക് ഈ സന്ദേശം എത്തിക്കുവാനും അവരും ഈ സന്ദേശവാഹകരായി പ്രവർത്തിക്കുവാനും പുതിയ ഒരു തുടക്കം ഉണ്ടാക്കുവാൻ സാധിച്ചു എന്നതാണ് ഈ യാത്ര കൊണ്ട് ഉണ്ടായ വലിയ നേട്ടം. ഭദ്രാസന തലങ്ങളിൽ ഇനിയുള്ള മാസങ്ങളിൽ ലഹരി വിരുദ്ധ കോൺക്ലേവുകൾ, സ്കൂളുകൾ കേന്ദ്രീകരിച്ചുള്ള ബോധവൽക്കരണ ക്ലാസുകൾ, സൺഡേസ്കൂൾ കേന്ദ്രീകരിച്ചുള്ള ബോധവൽക്കരണ പരിപാടികൾ തുടങ്ങിയ പ്രവർത്തനങ്ങൾ ഏറ്റെടുത്ത് മുൻപോട്ട് പോകും കൂടാതെ ഭദ്രാസന തലങ്ങളിൽ ലഹരിക്ക് അടിമപ്പെടുന്ന കുട്ടികൾക്ക് പ്രത്യേകം നിരീക്ഷിക്കുവാനും ലഹരി വിപണനം തടയുന്നതിന് വേണ്ടി യുവജനങ്ങളെ ബോധവൽക്കരിക്കാനും പ്രത്യേക സെല്ലുകൾ രൂപീകരിക്കും ഡോക്ടർ ഉൾപ്പെടെയുള്ള വിദഗ്ധ പാനലിന്റെ ഉപദേശങ്ങളും നിർദ്ദേശങ്ങളും ഈ സെല്ലുകൾ മുഖാന്തരം നൽകുവാൻ വേണ്ടി ശ്രമിക്കും.

കാസർകോട് നർക്കിലക്കാട് നിന്നും ആരംഭിച്ചു തിരുവനന്തപുരത്തു സമാപിച്ചപ്പോൾ യാത്ര കടന്നു വന്ന സ്ഥലങ്ങളിൽ നിന്നെല്ലാം ലഭിച്ച വലിയ പിന്തുണ പരിശുദ്ധ സഭയുടെ ലഹരി വിരുദ്ധ പ്രവർത്തനങ്ങൾക്ക് കൂടുതൽ സ്വീകാര്യത ലഭ്യമാകുവാനും കാരണമാക്കി. യാത്രയോടൊപ്പം പ്രത്യേകം തയ്യാറാക്കിയ ബസ് സാമൂഹ്യ മാധ്യമങ്ങളിൽ അടക്കം വലിയ പ്രശംസ പിടിച്ചു പറ്റുന്നതിന് കാരണമായി. ഭദ്രാസനങ്ങൾ ഒരുക്കിയ ലഹരി വിരുദ്ധ സന്ദേശ സംഗമങ്ങളിൽ എല്ലാം വിവിധ

സാമൂഹിക രാഷ്ട്രീയ സാംസ്കാരിക മത മേലധ്യക്ഷ ന്മാർ പങ്കെടുത്തതും അവർ നൽകിയ വലിയ പ്രചോദനവും യുവജനപ്രസ്ഥാനത്തിന്റെ പ്രവർത്തന പന്ഥാവിൽ പുതിയ ഊർജ്ജം ആയി.

ലഹരിവസ്തുക്കളുടെ ദുരുപയോഗം: ഒരു സാമൂഹിക വിപത്ത് ആണ് എന്നത് വർഷം തോറും വർദ്ധിക്കുന്ന കണക്കുകൾ സൂചിപ്പിക്കുന്നത് ലഹരി ഉപയോഗം അതിന്റെ വ്യാപനവും ഏതെല്ലാം രീതിയിൽ നമ്മെ ബാധിക്കുന്നു എന്ന് നാം അറിയേണ്ടത് ആണ്.

ലഹരിവസ്തുക്കളുടെ ഉപയോഗം നമ്മുടെ സമൂഹത്തിൽ, പ്രത്യേകിച്ച് യുവതലമുറയിൽ, ഒരു വലിയ ഭീഷണിയായി മാറിക്കൊണ്ടിരിക്കുകയാണ്. ഇത് വ്യക്തികളുടെ ആരോഗ്യത്തെയും ഭാവിയെയും മാത്രമല്ല, കുടുംബങ്ങളെയും സമൂഹത്തെയും വലിയ തോതിൽ ദോഷകരമായി ബാധിക്കുന്നു. ഓരോ വർഷം കഴിയുന്തോറും ലഹരിക്ക് അടിമപ്പെടുന്നവരുടെ എണ്ണം വർദ്ധിച്ചുകൊണ്ടിരിക്കുന്നു എന്നത് അത്യന്തം ആശങ്കാജനകമായ ഒരു യാഥാർത്ഥ്യമാണ്.

ഞെട്ടിപ്പിക്കുന്ന കണക്കുകൾ : വർദ്ധനവിന്റെ തോത് ദേശീയതലത്തിലും പ്രാദേശിക തലത്തിലുമുള്ള പഠനങ്ങൾ ലഹരിവസ്തുക്കളുടെ ഉപയോഗത്തിൽ ഞെട്ടിപ്പിക്കുന്ന വർദ്ധനവ് രേഖപ്പെടുത്തുന്നു.

2018-നും 2023-നും ഇടയിൽ നടത്തിയ വിവിധ സർവ്വേകൾ പ്രകാരം, രാജ്യത്ത് കഞ്ചാവ്, സിന്തറ്റിക് ഡ്രഗ്സ് (മെത്താംഫെറ്റാമിൻ, എം.ഡി.എം.എ. പോലുള്ളവ) എന്നിവയുടെ ഉപയോഗത്തിൽ ഏകദേശം 30-40% വരെ വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

കേരളത്തിൽ, എക്സൈസ് വകുപ്പിന്റെയും പോലീസിന്റെയും കണക്കുകൾ പ്രകാരം, ലഹരിമരുന്ന് കേസുകളിൽ വർഷം തോറും 20-25% വർദ്ധനവ് പ്രത്യേകിച്ച്, സ്കൂൾ - കോളേജ് വിദ്യാർത്ഥികൾക്കിടയിൽ ലഹരിയുടെ ഉപയോഗം കൂടുന്നതായും, ഇത് ഭാവി തലമുറയെ തന്നെ ഇല്ലാതാക്കുന്നതായും പഠനങ്ങൾ മുന്നറിയിപ്പ് നൽകുന്നു.

കഴിഞ്ഞ ഏതാനും വർഷങ്ങൾക്കുള്ളിൽ, മയക്കുമരുന്ന് മാഫിയയുടെ പ്രവർത്തനങ്ങൾ ഗണ്യമായി വർദ്ധിക്കുകയും, പുതിയ തരം ലഹരിവസ്തുക്കൾ വിപണിയിൽ എത്തുകയും ചെയ്തിട്ടുണ്ട്. ഇത് പ്രശ്നത്തിന്റെ ഗൗരവം വർദ്ധിപ്പിക്കുന്നു.

*ലഹരിയുടെ ഭവിഷ്യത്തുകൾ*

ലഹരിവസ്തുക്കൾ ഒരു വ്യക്തിയുടെ ജീവിതത്തെ പല തരത്തിൽ നശിപ്പിക്കുന്നു:

*ശാരീരികവും മാനസികവുമായ ആരോഗ്യം*

മസ്തിഷ്കത്തെയും ആന്തരികാവയവങ്ങളെയും തകരാറിലാക്കുന്നു, മാനസികാരോഗ്യ പ്രശ്നങ്ങളായ വിഷാദം, ഉത്കണ്ഠ, സ്കീസോഫ്രീനിയ എന്നിവയിലേക്ക് നയിക്കുന്നു.

*സാമൂഹിക ബന്ധങ്ങൾ*

കുടുംബബന്ധങ്ങൾ ശിഥിലമാക്കുന്നു, സുഹൃത്തുക്കളിൽ നിന്നും സമൂഹത്തിൽ നിന്നും ഒറ്റപ്പെടുത്തുന്നു.

*സാമ്പത്തിക പ്രശ്നങ്ങൾ*

ലഹരിക്കായി അമിതമായി പണം ചെലവഴിക്കുകയും കടബാധ്യതയിലേക്ക് നീങ്ങുകയും ചെയ്യുന്നു.

*കുറ്റകൃത്യങ്ങൾ*

ലഹരിയുടെ സ്വാധീനത്തിൽ അക്രമം, മോഷണം, മറ്റ് കുറ്റകൃത്യങ്ങൾ എന്നിവയിൽ ഏർപ്പെടാൻ സാധ്യതയുണ്ട്.

*വിദ്യാഭ്യാസം/തൊഴിൽ*

പഠനത്തിലും ജോലിയിലും ശ്രദ്ധ കേന്ദ്രീകരിക്കാൻ കഴിയാതെ വരികയും ഭാവി ഇല്ലാതാവുകയും ചെയ്യുന്നു.

*നമുക്ക് എന്തു ചെയ്യാൻ കഴിയും?*

ഈ വിപത്തിനെതിരെ പോരാടാൻ നാമോരോരുത്തർക്കും ഉത്തരവാദിത്തമുണ്ട്.

1. അറിവ് നേടുക :

ലഹരിവസ്തുക്കളെക്കുറിച്ചും അവയുടെ ദൂഷ്യവശങ്ങളെക്കുറിച്ചും ശരിയായ അറിവ് നേടുക.

2. ബോധവൽക്കരണം :

നിങ്ങളുടെ ചുറ്റുമുള്ളവരെ, പ്രത്യേകിച്ച് യുവജനങ്ങളെ, ലഹരിയുടെ ദൂഷ്യവശങ്ങളെക്കുറിച്ച് ബോധവൽക്കരിക്കുക. സ്കൂളുകളിലും കോളേജുകളിലും ബോധവൽക്കരണ ക്ലാസുകൾ സംഘടിപ്പിക്കുക.

3. സംശയങ്ങൾ പങ്കുവെക്കുക :

ലഹരി ഉപയോഗിക്കുന്നതായി സംശയമുള്ളവരെക്കുറിച്ച് അധികാരികളെ അറിയിക്കുക.

4. സഹായം നൽകുക :

ലഹരിക്ക് അടിമപ്പെട്ടവരെ ഒറ്റപ്പെടുത്താതെ, ചികിത്സയും പുനരധിവാസവും നേടാൻ പ്രോത്സാഹിപ്പിക്കുക.

5. മാതൃകയാകുക :

ലഹരിയിൽ നിന്ന് വിട്ടുനിന്ന് നല്ലൊരു മാതൃകയാകുക.

ഓർക്കുക, ലഹരി ഒരു താൽക്കാലിക സന്തോഷമല്ല, മറിച്ച് ഒരു ജീവിതത്തെത്തന്നെ തകർക്കുന്ന വിപത്താണ്. ഒരുമിച്ച് നിന്ന് ഈ ഭീഷണിയെ നമുക്ക് ചെറുക്കാം, ആരോഗ്യമുള്ള ഒരു സമൂഹം കെട്ടിപ്പടുക്കാം.

വരും ദിവസങ്ങളിൽ നിരവധി പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നമുക്ക് മുൻപോട്ട് പോകേണ്ടതായി ഉണ്ട്..

ഈ വിപത്തിനെതിരെ ഒന്നിച്ചു പോരാടാം......

# പൗരാണിക ദേവാലയങ്ങൾ

പരമ്പര 1

## കായംകുളം കാദീശ കത്തീഡ്രൽ

എഡിറ്റോറിയൽ ബോർഡ്

കായംകുളം കാദീശ കത്തീഡ്രൽ മലങ്കര സഭയുടെ ചരിത്രതാളുകളിൽ ചിരപ്രതിഷ്ഠ നേടിയ പൗരാണിക ദേവാലയം. പേർഷ്യയിൽ നിന്നും മലങ്കരയിൽ എത്തിയ മാർ ശാബോർ, മാർ അഫ്രോത്ത് എന്നീ പിതാക്കൻമാരാൽ എ.ഡി. 825 ൽ കാദീശ പള്ളി സ്ഥാപിക്കപ്പെട്ടു എന്നതാണ് ചരിത്രം. കടമ്പനാട് കഴിഞ്ഞാൽ കായംകുളമായിരുന്നു പ്രമുഖ ക്രൈസ്തവ കേന്ദ്രം. തിരുവിതാംകൂറിന്റെ വാണിജ്യ കേന്ദ്രമായ കായംകുളത്തെ സാമൂഹികവും, സാമ്പത്തികവുമായ മേഖലകൾക്ക് പുറമേ രാജഭരണ സീമകളിലും നമ്മുടെ പൂർവ്വികർ സ്വാധീനം ചെലുത്തിയിരുന്നു. അക്കാലത്ത് തങ്ങളുടെ ആത്മീയ കാര്യങ്ങൾ കടമ്പനാട് പള്ളിയിലായിരുന്നു നടത്തിയിരുന്നത്. യാത്രാക്ലേശം നസ്രാണി സമൂഹത്തിന്റെ ആരാധനയ്ക്ക് ബുദ്ധിമുട്ട് ഉണ്ടാക്കുന്നു എന്ന് തിരിച്ചറിഞ്ഞ കായംകുളം രാജാവ് എ.ഡി. 825 ൽ ഒരു പള്ളി കായംകുളത്ത് സ്ഥാപിക്കാൻ അനുമതിയും സ്ഥലവും നൽകി. അങ്ങനെ കായംകുളത്തെ ഏറ്റവും ഉയർന്ന സ്ഥലത്ത് പള്ളി സ്ഥാപിച്ചു. 1747 ൽ തിരുവിതാംകൂർ രാജാവ് കായംകുളം രാജ്യം കീഴടക്കിയപ്പോൾ അന്നുണ്ടായിരുന്ന ദേവാലയം അഗ്നിയ്ക്ക് ഇരയാക്കപ്പെട്ടുവെന്നും, പിന്നീട് രാജാവ് തന്നെ പണി പൂർത്തിയാക്കിതന്നുവെന്നും ചരിത്രകാരൻമാർ രേഖപ്പെടുത്തിയിട്ടുണ്ട്. ഇന്ന് കാണുന്ന കായംകുളം കാദീശ കത്തീഡ്രൽ 1968 ശിലാസ്ഥാപനം നടത്തി, 1974 ൽ കൊല്ലം ഭദ്രാസന മെത്രാപ്പോലീത്ത ആയിരുന്ന അഭി. മാത്യൂസ് മാർ കൂറിലോസ് (ഏയ്ഞ്ചൽ ബാവ) തിരുമേനി വി.കൂദാശ നടത്തിയിട്ടുള്ളതാണ്. ഇറ്റാലിയൻ ശില്പ ചാരുതയിലാണ് പുതിയ കത്തീഡ്രൽ പണിതിരിക്കുന്നത്. ഉദയംപേരൂർ സുന്നഹദോസ് കൂടുന്നതിന് മുൻപ് മെനസിസിന്റെ നേതൃത്വത്തിൽ പള്ളിയുടെ കാദീശൻമാരുടെ പേര് മാറ്റി റോമൻ കത്തോലിക്ക പേരുകൾ നൽകാൻ ഒരു ശ്രമമുണ്ടായിരുന്നെന്നും കായംകുളത്തെ നസ്രാണി സമൂഹം അതിനെ ചെറുത്തുവെന്നും ചരിത്രം പറയുന്നു.

ഓണാട്ടുകരയിലെ ആദ്യത്തെ ക്രൈസ്തവ ദേവാലയമാണ് കാദീശ കത്തീഡ്രൽ. കായംകുളത്തെ ഇതര ക്രൈസ്തവ സഭകളുടെ പള്ളികളും, മലങ്കര സഭയുടെ സ്വാതന്ത്ര്യം സംരക്ഷിക്കാനുള്ള മാവേലിക്കര പടിയോലയിലൂടെ മലങ്കര സഭയുടെ ചരിത്രമായി മാറിയ മാവേലിക്കര പുതിയകാവ് സെന്റ് മേരീസ് കത്തീഡ്രലും, കറ്റാനം വലിയ പള്ളിയും, പത്തിച്ചിറ സെന്റ് ജോൺസ് വലിയ പള്ളി. കുന്നം സെന്റ് ജോർജ് പള്ളി, കൊറ്റംപള്ളി മാർ ഏലിയ പള്ളി, പത്തിയൂർ സെന്റ് ജോർജ് പള്ളി, ചുനക്കര മാർ ബസേലിയോസ് പള്ളി, ചുനക്കര വടക്ക് സെന്റ് ജോർജ് പള്ളി, വള്ളികുന്നം സെന്റ് ജോർജ് പള്ളി, തെക്കേ മങ്കുഴി സെന്റ് ജോർജ് പള്ളി, കട്ടച്ചിറ സെന്റ് മേരീസ് പള്ളി, കൊയ്പള്ളി കാരായ്മ സെന്റ് മേരീസ് പള്ളി എന്നീ പള്ളികൾ കാദീശ കത്തീഡ്രൽ ഇടവകയുടെ ആത്മീയ മക്കളായ ഇടവകകളാണ്.

കായംകുളം ജംഗ്ഷനിൽ കെ.പി. റോഡിന് വടക്കുവശത്ത് ഉയർന്നു നിൽക്കുന്ന ആദിമ സഹദ മാർ സ്തേഫാനോസ് സഹദയുടെ കൽകുരിശ് കറ്റാനം വലിയ പള്ളി വിശ്വാസികൾ കറ്റാനം ഇടവക രൂപീകരണ സ്മരണയ്ക്കായ് സ്ഥാപിച്ചിട്ടുള്ളതാണ്. വിശാലമായ സെമിത്തേരിയുടെ ഉള്ളിൽ കൗമാ സഹദയുടെ മദ്ധ്യസ്ഥതയിൽ സ്ഥാപിച്ചിട്ടുള്ള കുരിശടിയിലെ പ്രാർത്ഥന നാനാ ജാതി മതസ്ഥർക്ക് ആശ്വാസമാണ്. മലയാളത്തിൽ ബൈബിൾ ആദ്യമായി പരിഭാഷപ്പെടുത്തിയ വന്ദ്യ ഫിലിപ്പോസ് റമ്പാൻ ഈ ഇടവകാംഗമായിരുന്നു എന്നത് കത്തീഡ്രൽ ഇടവകക്ക് അഭിമാനമാണ്. എട്ടാം മാർത്തോമ്മയുടെ ഉപദേശകരിൽ ഒരാളായിരുന്നു ബഹു. ഫിലിപ്പോസ് റമ്പാൻ.

പരിശുദ്ധ പരുമല തിരുമേനിയും കായംകുളവുമായുള്ള ബന്ധം ആരംഭിക്കുന്നത് കൊല്ലം ഭദ്രാസന രൂപീകരണ ശേഷമാണ്. മുളന്തുരുത്തി സുന്നഹദോസിൽ മലങ്കര സഭയെ ഏഴു ഭദ്രാസനങ്ങളായി തിരിച്ചിരുന്നു. അതിൽ പ്രധാന ഭദ്രാസമായിരുന്നു കൊല്ലം. പുലിക്കോട്ടിൽ ജോസഫ് മാർ ദിവന്നാസിയോസ് മെത്രാപ്പോലീത്ത ആയിരുന്നു പ്രഥമ മെത്രാപ്പോലീത്ത. തിരുമേനിക്ക് ശേഷം പരുമല മാർ ഗ്രീഗോറിയോസ് കൊല്ലം ഭദ്രാസന മെത്രാപ്പോലീത്ത ആയി. അന്ന് മുതൽക്കാണ് കായംകുളം കാദീശ പള്ളിയുമായുള്ള പരുമല തിരുമേനിയുടെ ബന്ധം തുടങ്ങുന്നത്.



മലങ്കരയിലെ പൂർവിക പിതാക്കൻമാർ കായംകുളവുമായി ബന്ധപ്പെട്ടിരുന്നു. ജലഗതാഗത മാർഗ്ഗങ്ങൾ കൂടുതലായി ഉപയോഗിച്ചിരുന്നതിനാലും കായംകുളം പള്ളിയുടെ ആത്മിയ പ്രൗഡിയും ആതിഥ്യമര്യാദകളും യാത്രാമധ്യേയുള്ള ഇടത്താവളമായി പള്ളി മാറിയിരുന്നു. മലങ്കര മെത്രാപ്പോലീത്ത ആയിരുന്ന ചേപ്പാട് മാർ ദിവന്നാസിയോസ് കായംകുളം കാദീശ പള്ളിയിൽ താമസിച്ച് സഭാ ഭരണം കുറച്ചു നാൾ നടത്തിയിരുന്നു. പള്ളിയുടെ മുൻഭാഗത്ത് ഉണ്ടായിരുന്ന പള്ളി മേട ചേപ്പാട് തിരുമേനിക്കായി പണിതതായിരുന്നു എന്നു ചരിത്രം പറയുന്നു. ആറാം മർത്തോമ്മയുടെ കാലത്ത് മലങ്കര സഭയും കത്തോലിക്ക സഭയും തമ്മിലുള്ള ഡയലോഗുകൾ കാദീശാ കത്തീഡ്രലിൽ വച്ച് നടന്നിരുന്നതായി ചരിത്രം പറയുന്നുണ്ട്.

1751 ൽ മലങ്കരയിലേക്ക് വന്ന സക്രള്ളാ ബാവ ദീർഘനാൾ കാദീശ പള്ളിയിൽ താമസിച്ചിരുന്നു. അതിന്റെ സ്മരണയ്ക്കായി കാദീശ പള്ളിയുടെ വി. മദ്ബഹായിലെ വി. ഏവൻഗേലിയോൻ മേശയിൽ സക്രള്ള ബാവയുടെ ചിത്രം ആ ലേഖനം ചെയ്തിട്ടുണ്ട്.

ആദിമ കാലം മുതൽക്കുതന്നെ കായംകുളം പള്ളിയുടെ സ്വാധീനം ശക്തമായിരുന്നു. ഉദയംപേരൂർ സുന്നഹദോസിലും, മാവേലിക്കര പടിയോലയിലും, മുളംതുരുത്തി സുന്നഹദോസിലും പള്ളി പ്രതിപുരുഷൻമാർ സംബന്ധിച്ചിരുന്നതായി ചരിത്ര രേഖകൾ തെളിയിക്കുന്നു.

ഇപ്പോൾ മാവേലിക്കര ഭദ്രാസനത്തിലെ തലപ്പള്ളികളിൽ ഒന്നായി 1200 ന്റെ നിറവിൽ പ്രശോഭിക്കുന്ന കാദിശ കത്തീഡ്രലിൽ 1000 ത്തിൽപരം ഭവനങ്ങൾ ഉണ്ട്. എല്ലാ ആത്മീയ സംഘടനകളോടൊപ്പം നാല് സൺഡേസ്കൂളുകളും പ്രവർത്തിച്ചു വരുന്നു. സഹസ്രോത്തര ദ്വിശതാബ്ദിയുടെ പൊലിമയിൽ നിൽക്കുന്ന കായംകുളം കാദീശ കത്തീഡ്രൽ വികാരിയായി ഫാ. കോശി മാത്യുവും, അസി.വികാരിയായി ഫാ. ബിനു ഈശോയും, കൈസ്ഥാനിയായി പി. സി. റോയി പീടിയക്കലും, സെക്രട്ടറിയായി രെൻജൻ മാത്യു വടക്കേമേട്ടയ്ക്കലും ശുശ്രൂഷിക്കുന്നു.

## അഭിനന്ദനങ്ങൾ





ഓർത്തഡോക്സ് ക്രൈസ്തവ യുവജന പ്രസ്ഥാനം കേന്ദ്ര വൈസ് പ്രസിഡന്റ് ഫാ. ജെയിൻ സി.മാത്യു ട്രഷറാർ രെഞ്ചു എം. ജോയി



സിവിൽ സർവ്വീസ് റാങ്ക് ജേതാവ് റീനു മാത്യൂ. കൊല്ലം ഭദ്രാസനത്തിലെ മഞ്ഞക്കാല മാർ ശൈമവൂൻ ദെസ്തുനി ഓർത്തഡോക്സ് ഇടവകാംഗമാണ്.



പ്രൊഫ. ബിബിൻ ബേബി ജോണിന് Ph.D (Wireless Communication) ലഭിച്ചു. അടൂർ - കടമ്പനാട് ഭദ്രാസനത്തിലെ പറക്കോട് സെന്റ് പീറ്റേഴ്സ് & സെന്റ് പോൾസ് ഓർത്തഡോക്സ് ഇടവകാംഗമാണ്.



പ്രമുക്ത ലീഡേഴ്സ് മീറ്റ് കുന്നംകുളത്ത് പ്രസിഡന്റ് ഡോ.ഗീവർഗീസ് മാർ യൂലിയോസ് മെത്രാപ്പോലീത്താ ഉദ്ഘാടനം ചെയ്യുന്നു.




ഓർത്തഡോക്സ് ക്രൈസ്തവ യുവജനപ്രസ്ഥാനം ബ്രഹ്മവർ ഭദ്രാസനം വായനാദിനത്തോട് അനുബന്ധിച്ച് കർണാടകയിലെ വിവിധ സ്കൂളുകളിൽ സൗത്ത് കാനറാ ഡിസ്ട്രിക്റ്റ് കമ്മറ്റിയുടെ നേതൃത്വത്തിൽ ലൈബ്രറി പുസ്തകങ്ങൾ വിതരണം ചെയ്യുന്നു.

പുതിയൊരു പാതയിൽ
ഇനിയൊരു ജീവിതം

# MILES WITHOUT MISTAKES

DRUXIT
exit drugs



**അബി എബ്രഹാം കോശി**
ജോ.കൺവീനർ

## ലഹരി വിരുദ്ധ ബോധവൽക്കരണ യാത്ര



**യു**വാക്കൾ തെറ്റുകൾക്ക് നേരെ തിരുത്തൽ ശക്തിയാവുക എന്നത് ചെറിയ കാര്യമല്ല. സപ്തഭാഷാ സംഗമ ഭൂമിയായ കാസർഗോഡ് മുതൽ തലസ്ഥാന നഗരിയായ തിരുവനന്തപുരം വരെ ലഹരിക്കെതിരെ ഉറച്ച ശബ്ദവും പ്രതീകവുമാവാൻ പൗരസ്ത്യ ഓർത്തഡോക്സ് ക്രൈസ്തവ യുവജനപ്രസ്ഥാനത്തിന് സാധ്യമായ ചരിത്ര യാത്രക്ക് ആവേശകരമായ സമാപനം.

2025 ജൂലൈ 4ന് ബ്രഹ്മവാർ ഭദ്രാസനത്തിന്റെ ആതിഥേയത്വത്തിൽ കാസർഗോഡ് ജില്ലയിലെ നർക്കിലക്കാട് എം.ജി.എം. യൂ.പി.സ്കൂളിൽ നിന്ന് ആരംഭിച്ച ലഹരി വിരുദ്ധ സന്ദേശയാത്ര മുൻ സംസ്ഥാന ആഭ്യന്തര വകുപ്പ് മന്ത്രി ശ്രീ. രമേശ് ചെന്നിത്തല ഉദ്ഘാടനം ചെയ്തു. പ്രസ്ഥാനം പ്രസിഡന്റ് അഭിവന്ദ്യ ഗീവർഗീസ് മാർ യൂലിയോസ് മെത്രാപ്പോലീത്താ അദ്ധ്യക്ഷത വഹിച്ചു. സംസ്ഥാന യുവജന കമ്മീഷൻ ചെയർമാൻ ശ്രീ. എം. ഷാജർ മുഖ്യസന്ദേശം നൽകി.

ജൂലൈ 5ന് സുൽത്താൻ ബത്തേരി ഭദ്രാസനത്തിന്റെ ആതിഥേയത്വത്തിൽ സ്വതന്ത്ര മൈതാനിയിലും മലബാർ ഭദ്രാസനത്തിന്റെ ആതിഥേയത്വത്തിൽ നിലമ്പൂർ ടൗണിലും ജൂലൈ 6ന് കുന്നംകുളം ഭദ്രാസനത്തിന്റെ ആതിഥേയത്വത്തിൽ കുന്നംകുളം ടൗണിൽ വെച്ചും കൊച്ചി ഭദ്രാസനത്തിന്റെ ആതിഥേയത്വത്തിൽ തൃശൂർ വെസ്റ്റ് ഫോർട്ടിൽ വെച്ചും ജൂലൈ 7ന് കണ്ടനാട് വെസ്റ്റ് ഭദ്രാസനത്തിന്റെ ആതിഥേയത്വത്തിൽ കോലഞ്ചേരി ടൗണിൽ വെച്ചും ഇടുക്കി ഭദ്രാസനത്തിന്റെ ആതിഥേയത്വത്തിൽ കട്ടപ്പന ടൗണിൽ വെച്ചും ജൂലൈ 8ന് കോട്ടയം സെൻട്രൽ ഭദ്രാസനത്തിന്റെ ആതിഥേയത്വത്തിൽ കോട്ടയം എം.ഡി. സ്കൂളിൽ വെച്ചും നിരണം ഭദ്രാസനത്തിന്റെ ആതിഥേയത്വത്തിൽ തിരുവല്ല എം.ജി.എം സ്കൂളിൽ വെച്ചും നിലയ്ക്കൽ ഭദ്രാസനത്തിന്റെ ആതിഥേയത്വത്തിൽ റാന്നി ടൗണിൽ വെച്ചും സ്വീകരണങ്ങൾ നൽകി

ജൂലൈ 10ന് തുമ്പമൺ ഭദ്രാസനത്തിന്റെ ആതിഥേയത്വത്തിൽ പത്തനംതിട്ട കാതോലിക്കേറ്റ് സ്കൂൾ വെച്ചും മാവേലിക്കര ഭദ്രാസനത്തിന്റെ ആതിഥേയത്വത്തിൽ തഴക്കര എം.എസ് സെമിനാരി സ്കൂളിൽ വെച്ചും ചെങ്ങന്നൂർ ഭദ്രാസനത്തിന്റെ ആതിഥേയത്വത്തിൽ പുത്തൻകാവ് മെത്രാപോലീത്തൻ





സ്കൂളിൽ വെച്ചും അടൂർ കടമ്പനാട് ഭദ്രാസനത്തിന്റെ ആതിഥേയത്വത്തിൽ അടൂർ ടൗണിൽ വെച്ചും ജൂലൈ 11ന് കൊല്ലം ഭദ്രാസനത്തിന്റെ ആതിഥേയത്വത്തിൽ ബസേലിയോസ് മാത്യൂസ് ദ്വിതീയൻ എഞ്ചിനീയറിങ് കോളേജിൽ വെച്ചും കൊട്ടാരക്കര പുനലൂർ ഭദ്രാസനത്തിന്റെ ആതിഥേയത്വത്തിൽ കൊട്ടാരക്കര സെന്റ് ഗ്രീഗോറിയോസ് കോളേജിൽ വെച്ചും വെച്ചും സ്വീകരണങ്ങൾ നൽകി.



ജൂലൈ 12ന് തിരുവനന്തപുരം ഭദ്രാസനത്തിന്റെ ആതിഥേയത്വത്തിൽ പേരൂർക്കട തെക്കൻ പരുമല സെന്റ് ഗ്രീഗോറിയോസ് പള്ളി ഓഡിറ്റോറിയത്തിൽ വെച്ച് നടന്ന സന്ദേശ യാത്രയുടെ സമാപന സമ്മേളനം മലങ്കര സഭയുടെ പരമാദ്ധ്യക്ഷൻ പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ കാതോലിക്കാ ബാവ ഉദ്ഘാടനം ചെയ്തു. അഭിവന്ദ്യ ഗബ്രിയേൽ മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്താ അദ്ധ്യക്ഷത വഹിച്ചു. മന്ത്രി ശ്രീ.വി ശിവൻകുട്ടി, ശ്രീ.പി സി. വിഷ്ണുനാഥ് എം.എൽ.എ., ശ്രീ.വി.കെ. പ്രശാന്ത് എം.എൽ.എ. എന്നിവർ നേതൃത്വം നൽകി.

കേന്ദ്ര പ്രസിഡന്റ് അഭിവന്ദ്യ ഗീവർഗീസ് മാർ യൂലിയോസ്മെത്രാപ്പോലീത്താ, വൈസ് പ്രസിഡന്റ് ഫാ. ജെയിൻ സി. മാത്യു, ജനറൽ സെക്രട്ടറി ഫാ. വിജു ഏലിയാസ്, ട്രഷറർ രെഞ്ചു എം. ജോയ്, കൺവീനർമാരായ അനീഷ് ജേക്കബ്, അഡ്വ. നേഹ മാത്യു, അബി ഏബ്രഹാം കോശി, നേഹ അഭിലാഷ് എന്നിവർ യാത്രക്ക് നേതൃത്വം നൽകി. വിവിധ കേന്ദ്രങ്ങളിൽ പ്രൗഡ് കേരള ഫൗണ്ടേഷൻ ഉൾപ്പടെയുള്ള സംഘടങ്ങളും പ്രസ്ഥാനങ്ങളും യാത്രക്ക് സ്വീകരണം നൽകി.

ഒരു യാത്രകൊണ്ട് ലഹരി അവസാനിച്ചോ? ഇല്ല. പിന്നെ? ലഹരി അപകടമാണെന്ന് തലമുറകളോട് പറഞ്ഞു.



ഇനിയും പറഞ്ഞു കൊണ്ടേയിരിക്കാൻ നമ്മുടെ പ്രസ്ഥാനത്തിനാവും എന്നതാണ് നേട്ടം. പുതിയ കാലഘട്ടത്തിന്റെ ഇടയിൽ ലഹരി പ്രവർത്തനങ്ങളും ഇടപെടലുകളുമായി നമ്മൾ മുന്നോട്ട്.

## സ്ത്രീ സുരക്ഷയുടെ പുതിയ പാതകൾ തുറന്ന് മാവേലിക്കര ഭദ്രാസന യുവജനപ്രസ്ഥാനം



സർക്കാർ സംവിധാനങ്ങളെ സമൂഹത്തിന്റെ വിവിധ തലങ്ങളിൽ പ്രയോജനപ്പെടുത്തുക എന്ന പ്രഖ്യാപിത ലക്ഷ്യത്തിന്റെ ആദ്യ ചുവടായി സ്ത്രീ സമൂഹത്തെ ആത്മവിശ്വാസത്തിലേക്ക് കൈപിടിച്ചുയർത്തുവാൻ മാവേലിക്കര ഭദ്രാസന യുവജനപ്രസ്ഥാനം യുവതികൾക്കായി സ്വയം പ്രതിരോധ പരിശീലന പരിപാടി പുതിയകാവ് സെന്റ് മേരീസ് ഓർത്തഡോക്സ് കത്തീഡ്രൽ പള്ളിയിൽ വെച്ച് കേരള പോലീസിന്റെ സഹകരണത്തോടെ സംഘടിപ്പിച്ചു.

സാമൂഹ്യ പ്രവർത്തക ഡോ. മറിയ ഉമ്മൻ ഉദ്ഘാടനം ചെയ്തു.

കേരള പോലീസിൽ നിന്നും ശ്രീമതി അനിത രാജീവ് ക്ലാസുകൾക്ക് നേതൃത്വം നൽകി. മാവേലിക്കര ഭദ്രാസനത്തിലെ വിവിധ ഇടവകകളിൽ നിന്നുള്ള യുവതികൾ പങ്കെടുത്തു.

# വാർഷിക സമ്മേളനങ്ങൾ



തിരുവനന്തപുരം ഭദ്രാസനം



കൊല്ലം ഭദ്രാസനം



ചെങ്ങന്നൂർ ഭദ്രാസനം



നിരണം ഭദ്രാസനം



കോട്ടയം ഭദ്രാസനം

# മാനവികതത്വത്തിന്റെ സൂര്യോദയം ഈ സ്വാതന്ത്ര്യദിനം

ഡോ. എം. പി. അബ്ദുൽ സമദ് സമദാനി MP




പുതുപ്പാടി : മാനവികതത്വത്തിന്റെ സൂര്യോദയമാണ് ഈ സ്വാതന്ത്ര്യദിനമെന്നും, മതസൗഹാർദവും, സാഹോദര്യവുമാണ് സ്വാതന്ത്ര്യത്തിന്റെയും അടിത്തറയെന്നും ഡോ. എം.പി. അബ്ദുൽ സമദ് സമദാനി എം.പി. മലങ്കര ഓർത്തഡോക്സ് ക്രൈസ്തവ യുവജനപ്രസ്ഥാനം സ്വാതന്ത്ര്യദിനത്തോടനുബന്ധിച്ച് സംഘടിപ്പിച്ച സ്നേഹ സാഹോദര്യ ജ്വാല ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. കേന്ദ്ര വൈസ് പ്രസിഡന്റ് ഫാ.ജെയിൻ സി. മാത്യു അധ്യക്ഷത വഹിച്ചു. ഇന്ത്യ കാഴ്ചവെക്കുന്ന വൈവിധ്യവും, ബഹുസ്വരതയും നമുക്ക് അഭിമാനം നൽകുന്ന വസ്തുതകളെന്ന് യോഗത്തിൽ മുഖ്യപ്രഭാഷണം നടത്തി ലിന്റോ ജോസഫ് എം. എൽ. എ പറഞ്ഞു.

ജില്ലാ പഞ്ചായത്തയംഗം അംബിക മംഗലത്ത്, വെരി. റവ. ഫിനഹാസ് റമ്പാൻ, കേന്ദ്ര ട്രഷറാർ രഞ്ചു എം. ജോയി, പ്രിൻസിപ്പാൾ മേരി ഫിലിപ്പോസ് തരകൻ, അനീഷ് ജോർജ്, ഫാ.വർഗീസ് ജോൺ, റീജണൽ സെക്രട്ടറിന്മാറായ ഡോ. നിതിൻ കുര്യാക്കോസ്, ജിൻസ് തടത്തിൽ, എക്സി. സമിതിയംഗം ജിജോ ജോർജ്, ജിനു കെ.എബ്രഹാം, ജിജോ പൗലോസ്, പോൾസൺ കുരുവിള എന്നിവർ പ്രസംഗിച്ചു.



*സിവിൽ സർവ്വീസ് റാങ്ക് ജേതാവ് റീനു മാത്യൂവിന് ഒ.സി.വൈ.എം.ന്റെ ആദരവ് സമർപ്പിക്കുന്നു.*



*പരിസ്ഥിതി ദിനത്തോട് അനുബന്ധിച്ച് ബ്രഹ്മവാർ ഭദ്രാസന യുവജനപ്രസ്ഥാനം കോഴിച്ചാൽ സെന്റ് മേരീസ് യൂണിറ്റിന്റെ ആതിഥേയത്വത്തിൽ താബോർ ഹിൽസിലേക്ക് നടത്തിയ യാത്ര മഴയാത്ര*

## നന്ദിയോടെ.....

*ഭാരതം സ്വാതന്ത്രത്തിന്റെ പതാക ഏറ്റുവാങ്ങിയത് വർഗീയ കലാപങ്ങളുടെ മധ്യത്തിൽ നിന്നുകൊണ്ടാണ്. മതേതരത്വത്തിനും മതസഹിഷ്ണതയ്ക്ക് പേരുകേട്ട നമ്മുടെ നാട് എല്ലാ മതക്കാരെ ഇരുകൈയും നീട്ടി സ്വീകരിച്ച പാരമ്പര്യമാണ് ഉള്ളത്. എന്നാൽ ഇന്ന് ഭാരതത്തിൽ മതവിഭാഗീയത ഏറിവരുന്നു എന്നുള്ളത് വിരോധാഭാസമായി തോന്നാം. മതങ്ങളുടെ പേരിൽ കലാപമുണ്ടാക്കുവാനോ, മറ്റുവിഭാഗക്കാരെ ദ്രോഹിക്കുവാനോ ഒരു മതവും ആഹ്വാനം ചെയ്യുന്നില്ല. ഈ തിരിച്ചറിവാണ് എല്ലാവർക്കും ഉണ്ടാകേണ്ടത്. പൂർവപിതാക്കന്മാർ പരിരക്ഷിച്ച സ്വാതന്ത്ര്യം നഷ്ടപ്പെടാതെ തലമുറകളിലേക്ക് സംവേദിക്കുവാൻ പ്രതിബന്ധതയുള്ള സമൂഹമായി നമുക്ക് മുന്നേറാം.*

*ഈ ഭരണസമിതിയുടെ കാലഘട്ടത്തിലെ പ്രഥമ യുവജനം പ്രസിദ്ധീകരിക്കുന്നതിന് സഹകരിച്ച എല്ലാവരോടുമുള്ള നന്ദി അറിയിച്ചുകൊള്ളുന്നു.*

*യുവജനം മാസികയെ നെഞ്ചിലേറ്റി സ്നേഹിക്കുന്ന പ്രിയ വായനാക്കാർക്ക് ഐശ്വര്യത്തിന്റെയും, സന്തോഷത്തിന്റെയും സമാധാനത്തിന്റെയും ഓണാശംസകൾ നേരുന്നു...*

***റോബിൻ ജോ വർഗീസ്***
***പബ്ലീഷർ***






പ്രാർത്ഥനാശംസകളോടെ...

**കെ.ഐ. പൗലോസ്, കുന്നേൽ**
(സഭ മാനേജിംഗ് കമ്മിറ്റി മെമ്പർ)

സെന്റ് ജോർജ് ഓർത്തഡോക്സ് വലിയ പള്ളി
കുന്നയ്ക്കാൽ വെസ്റ്റ്
കണ്ടനാട് വെസ്റ്റ് ഭദ്രാസനം





നിങ്ങളുടെ സ്വപ്നഭവനം
സ്ക്വയർഫീറ്റിന് മിതമായ നിരക്കിൽ

**BUILDSTECH**

**BUILDERS & DEVELOPERS**

PLAN | ESTIMATE | 3 D DESIGNING
INTERIOR DESIGNING | VASTHU CONSULTATIONS

KULIKAMPALAM, CHERIYANADU

9846584177, 9447731103



Printed & Published by H.G.Dr.Geevarghese Mar Yulios Metropolitan, on behalf of President, Orthodox Christian Youth Movement, St. Thomas Bhavan, Kottayam
Layout & Printed at : Peediakkal Printers,Thiruvalla Phone : 94958 37117 Cheif Editor : Fr.Luke Babu, Publisher : Robin Jo Varghese.
Head Office : St. Thomas Bhavan, Chungom, Kottayam. Phone : 0481 2583997